# കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്

**(THE FIRST JUMA MASJID IN INDIA SUB CONTINENT)**



# മഹല്ല് പൊതുയോഗം 2015

**2015 ജൂൺ 14 ഞായറാഴ്ച രാവിലെ 9 മണിക്ക്, ചേരമാൻ ഓർഫനേജ് ഹാളിൽ**

## നോട്ടീസ്

മാന്യരെ, السّلام عليكم

കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ് മഹല്ലിന്റെ വാർഷിക പൊതുയോഗം 14.06.2015 ഞായറാഴ്ച രാവിലെ 9 മണിക്ക് ചേരമാൻ ഓർഫനേജ് ഹാളിൽ വെച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. താങ്കളും കുടുംബത്തിലെ പ്രായപൂർത്തിയായ പുരുഷമെമ്പർമാരും യോഗത്തിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നു.

പൊതുയോഗത്തിന് വരുമ്പോൾ ചർച്ചകൾക്കായി ഈ റിപ്പോർട്ട് കൊണ്ടുവരേണ്ടതാണ്. പൊതുയോഗനോട്ടീസ് മസ്ജിദിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

25-05-2015
കൊടുങ്ങല്ലൂർ

എന്ന്,
**എസ്.എ. അബ്ദുൽ കയ്യൂം (ഒപ്പ്)**
സെക്രട്ടറി, ചേരമാൻ മഹല്ല് ഭരണസമിതി

Website : www.cheramanmosque.com | www.cheramanjumamasjid.com
E-mail : cheramanmasjid@gmail.com
Phone: 0480 - 280 3170,+91 82 89 84 3170

# മഹല്ല് ഭരണസമിതി

പ്രസിഡന്റ്



ഡോ. പി.എ. മുഹമ്മദ് സഈദ്

വൈ: പ്രസിഡന്റ്



യു.എ. സെയ്തു മുഹമ്മദ്

സെക്രട്ടറി



എസ്.എ. അബ്ദുൽ കയ്യൂം

ജോ. സെക്രട്ടറി



പി.എസ്. മുഹമ്മദ് റഷീദ്

ട്രഷറർ



എ.കെ.കെ. നയന(മുത്തു)

# കമ്മറ്റി അംഗങ്ങൾ



കെ.എ. അമീർ അലി



എ.എ. യൂസുഫ്



കെ.എ. അബ്ദുൽ കരീം



കെ.എം. അബ്ദുൽ റഹിമാൻ



കെ.പി. അഷ്റഫ്



സി.കെ. അബ്ദുൽ കലാം



പി.എം. അബ്ബാസ്



കെ.വൈ. അക്ബർ



എ.കെ. നവാസ്



എ.എ. അലി

ഓഡിറ്റേഴ്സ്



എൻ.എ. അലി



സി.എ. അബ്ദുൽ റഷീദ്

റിട്ടേണിംഗ് ഓഫീസർ



സി.വൈ. സലിം

അസിസ്റ്റന്റ്
റിട്ടേണിംഗ് ഓഫീസർ



നവാസ് പടുവിങ്ങൽ

# മഹല്ല് പൊതുയോഗം - 2015

# കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. ഉപക്രമം
4. 2014-2015 വർഷത്തെ വിദ്യാഭ്യാസ അവാർഡ് വിതരണം.
5. 01.06.2014 ൽ കൂടിയ മഹല്ല് പൊതുയോഗത്തിന്റെ മിനിറ്റ്സ് വായിച്ച് അംഗീകരിക്കൽ.
6. പ്രവർത്തന റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്ക് (2014-2015) അവതരിപ്പിച്ച് പാസാക്കൽ
7. ചോദ്യങ്ങൾ - പ്രമേയങ്ങൾ
8. 2015-2016 ലേക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കൽ
9. 2015-2018 വർഷത്തേക്കുള്ള മഹല്ല് വരണാധികാരികളെ തെരഞ്ഞെടുക്കൽ.
10. 2015-2017 വർഷത്തേക്കുള്ള മഹല്ല് ഓഡിറ്റർമാരെ തെരഞ്ഞെടുക്കൽ.
11. അദ്ധ്യക്ഷൻ അനുവദിക്കുന്ന കാര്യങ്ങൾ
12. ഉപസംഹാരം
13. നന്ദി

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി

**ചോദ്യങ്ങൾ പ്രമേയങ്ങൾ തുടങ്ങിയവ 08.06.2015 -ന് വൈകീട്ട് 5 മണിക്ക് മുമ്പായി ഓഫീസിൽ നൽകേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷമുള്ള ചോദ്യങ്ങളും പ്രമേയങ്ങളും സ്വീകാര്യമല്ല.**

---

**കണക്കുകൾ സംബന്ധിച്ച ചോദ്യങ്ങൾ മുൻകൂട്ടി എഴുതി സമർപ്പിച്ചാൽ മാത്രമെ മറുപടി തയ്യാറാക്കി നൽകാൻ കഴിയുകയുള്ളു.**

# പ്രവർത്തന റിപ്പോർട്ട് 2014–2015

പ്രിയപ്പെട്ടവരെ, അസ്സലാമുഅലൈക്കും

ചേരമാൻ ജുമാ മസ്ജിദ് മഹല്ലിന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് കൂടിയിട്ടുള്ള ഈ പൊതുയോഗം മുൻപാകെ മഹല്ല് കമ്മിറ്റി യുടെ പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപമാണ് അവതരിപ്പിക്കുന്നത്. മഹല്ല് ഭരണഘടന യുടെ IV-ാം അദ്ധ്യായം അനുശാസിക്കുന്ന പ്രകാരം കുറ്റമറ്റരീതിയിൽ തികച്ചും ജനാധിപത്യ രീതിയിൽ നടന്ന തെരെഞ്ഞെടുപ്പിലൂടെയാണ് ഈ കമ്മിറ്റിക്ക് മഹല്ലിന്റെ പരിപാലന ചുമതല ഏറ്റെടുത്തിട്ടുള്ളത്. മഹല്ലിന്റെ ഐക്യത്തിനും കെട്ടുറപ്പിനും ഹാനിവരാതെ, ഇതര മഹല്ലു കൾക്ക് കൂടി മാതൃകയാകാവുന്നവിധം ഒരു തെരെഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കാൻ കഴിഞ്ഞു എന്നതിനേക്കാളുപരി തെരെഞ്ഞടുക്കപ്പെട്ട പരിപാലന സമിതി അംഗങ്ങൾക്ക് ഒരേ മനസ്സോടെ പ്രവർത്തി പഥത്തിൽ ഇഴുകിചേരാൻ കഴിഞ്ഞു എന്നതും നമ്മുടെ മഹല്ലിന്റെ നേട്ടമായി ഞങ്ങൾ കരുതുന്നു. ഒരു തെരെഞ്ഞെടുപ്പിന്റെ ചൂടും ചൂരും ഭരണസമിതിയുടെ ഇതരപ്രവർത്തനങ്ങൾക്ക് തടസ്സമാകാതിരുന്നതും ഈ മഹല്ലിന്റെ നേട്ടമായി ഞങ്ങൾ കരുതു ന്നു. മേലിലും മഹല്ലിന് വേണ്ടിയുള്ള ഈ ഐക്യം നാഥൻ നിലനിർത്തിത്തരട്ടെ എന്ന് ദുആ ചെയ്യുന്നു. റിപ്പോർട്ട് വർഷത്തിൽ 24 മഹല്ല് കമ്മറ്റി യോഗങ്ങളും 2 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും ചേർന്നിട്ടുണ്ട്. മഹല്ലിനെ സംബന്ധിക്കുന്ന എല്ലാ തീരുമാനങ്ങളും കമ്മറ്റിയുടെ ചർച്ചയ്ക്കും ഐക്യകണ്ഠേനയുള്ള തീരുമാനത്തിനും വിധേയമായി നടപ്പിലാക്കുന്നതിന് കമ്മറ്റി ശ്രദ്ധിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മറ്റി യോഗങ്ങളുടെ തീരുമാനങ്ങളും മഹല്ല് കമ്മറ്റിയുടെ ചർച്ചയ്ക്ക് വിധേയമാക്കി അംഗീകാരം വാങ്ങുന്നതിനും അതുവഴി പരിപാലനകാര്യങ്ങളിൽ സുതാര്യത ഉറപ്പ് വരുത്താനും കമ്മറ്റി നിഷ്കർഷ പുലർത്തിയിട്ടുണ്ട്. മഹല്ല് പരിപാലന ത്തിന് കമ്മറ്റിയെ പല ഉപസമിതികളായി വിഭജിച്ച് പ്രവർത്തനങ്ങൾ എളുപ്പമാക്കുവാനും ഭര ണകാര്യങ്ങളിൽ അംഗങ്ങൾക്ക് കൂടുതൽ കാര്യക്ഷമതയും പ്രവർത്തിപരിചയം ഉണ്ടാകാനും ശ്രദ്ധിച്ചിട്ടുണ്ട്. കൂടാതെ മഹല്ല് കമ്മറ്റിയുടെ തീരുമാനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും കൂടുതൽ ചർച്ചകൾക്ക് വിധേയമാക്കി അപാകതകൾ ഒഴിവാക്കുന്നതിനും അഡ്വൈസറി കമ്മ റ്റികളുടെ ചർച്ചകൾക്ക് വിധേയമാക്കാറുണ്ട്. ഈ റിപ്പോർട്ട് കാലയളവിൽ അഡ്വൈസറി കമ്മ റ്റികളുടെ 7 യോഗങ്ങൾ മഹല്ല് കമ്മറ്റി വിളിച്ച് ചേർത്തിട്ടുള്ളതും പ്രധാനപ്പെട്ട പല തീരുമാന ങ്ങളും ചർച്ചയ്ക്ക് വിധേയമാക്കി നടപ്പിലാക്കിയിട്ടുള്ളതുമാണ്. കൂടാതെ 12 സ്റ്റാഫ് യോഗ ങ്ങളും ഈ കാലയളവിൽ കൂടിയിട്ടുള്ളതുമാണ്.

തികച്ചും പക്വമായ ഒരു സമൂഹത്തെ നയിച്ചുകൊണ്ടുപോകുന്നതിന് പര്യാപ്തമായ ഒരു ഭരണസംവിധാനം നമ്മുടെ മഹല്ലിനുണ്ട് എന്നുള്ള കാര്യത്തിൽ മറ്റുള്ളവരുടെ അംഗീകാരം ഈ കാലഘട്ടത്തിൽ നമുക്ക് ലഭിച്ചിട്ടുണ്ട്. അതിന് കാരണം അടിസ്ഥാന വിഷയങ്ങൾ പരിഹ രിക്കുന്നതിനും, മഹല്ലിന്റെ ഉന്നമനത്തിന് ഒരേ ചിന്തകളോടെ ഈ മഹല്ല് അംഗങ്ങൾ നില കൊള്ളുന്നു എന്നതാണ്. അത് തന്നെയാണ് ഭാവിയിലേക്കുള്ള ഈ മഹല്ലിന്റെ മുതൽക്കൂട്ടും. വരവ്-ചെലവ് കണക്കുകളും പ്രവർത്തന റിപ്പോർട്ടും ചർച്ച ചെയ്യപ്പെടുന്നതിനോടൊപ്പം അടുത്ത സാമ്പത്തിക വർഷത്തേക്ക് ചെയ്യപ്പെടേണ്ട കാര്യങ്ങൾ കൂടി ഈ പൊതുയോഗം ഭരണസമി തിയ്ക്ക് ചുമതല നൽകേണ്ടതുമുണ്ട്.

**ചികിത്സ, പുരപണി, വിവാഹം** : റിപ്പോർട്ട് വർഷത്തിൽ മഹല്ല് അംഗങ്ങളായ 45 പേർക്ക് 1,21,500 രൂപ ചികിത്സയ്ക്കും, 13 പേർക്ക് 51,000 രൂപ പുരപണിക്കും, 23 പേർക്ക് 2,45,000 രൂപ വിവാഹ സഹായമായും വിതരണം ചെയ്തിട്ടുണ്ട്. ധനസഹായ അപേക്ഷകൾ വിശദമായ അന്വേഷണത്തിന് ശേഷം മാത്രമേ കമ്മറ്റിയുടെ പരിഗണനയ്ക്ക് വരികയുള്ളു. മഹല്ല് കമ്മറ്റി അംഗത്തിന്റെ അന്വേഷണ റിപ്പോർട്ടിന് പുറമെ അതാത് പ്രദേശത്തെ അഡ്വൈസറി കമ്മറ്റികളുടെയും പ്രാദേശിക ഇമാമിന്റെയും ശുപാർശകൾ കൂടി ഇക്കാര്യത്തിൽ കമ്മറ്റി നിർബന്ധമാക്കിയിട്ടുണ്ട്. പള്ളിയുമായി ബന്ധമില്ലാത്തവരുടെ അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിന് മുൻപ് അവർക്ക് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നതിന് കൂടി ഇത്തരത്തിലുള്ള അന്വേഷണ റിപ്പോർട്ടുകൾ കൊണ്ട് കഴിയാറുണ്ട്. കൂടാതെ മഹല്ലിലേക്ക് ഏതെങ്കിലും വിധത്തിലുള്ള കുടിശ്ശികകൾ അടക്കുവാനുണ്ടെങ്കിൽ അത്തരം കുടിശ്ശിക ഈടാക്കിയതിനു ശേഷം മാത്രമേ അംഗങ്ങളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കാൻ പാടുള്ളു എന്ന 03-06-2012ലെ പൊതുയോഗ തീരുമാനവും കമ്മറ്റി പരമാവധി പാലിച്ച് പോരുന്നുണ്ട്. ടി കാര്യങ്ങൾ 10-06 -2012 തിയ്യതിയിലെ പ്രത്യേകം പ്രസിദ്ധീകരിച്ച നോട്ടീസ് വഴിയും മഹല്ല് അംഗങ്ങളെ അറിയിച്ചിട്ടുള്ളതാണ്. ഇത്തരം തീരുമാനങ്ങൾ മഹല്ലിന്റെ ഗുണകാംക്ഷയെ മാത്രം കണക്കാക്കിയുള്ളതാണെന്ന് അംഗങ്ങളുടെ തിരിച്ചറിവ് കമ്മറ്റിക്ക് കൂടുതൽ പ്രചോദനം നൽകുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ നിരവധി ക്ഷേമ പദ്ധതികൾ, ആരോഗ്യ ഇൻഷൂറൻസ് പദ്ധതികൾ എന്നിവ യഥാസമയങ്ങളിൽ മഹല്ല് കമ്മിറ്റി അംഗങ്ങളെ അറിയിച്ചുവരുന്നുണ്ട്. പലരും ഇതിന്റെ ഗുണഭോക്താക്കാളാകാൻ ശ്രമിക്കുന്നില്ല എന്നതും ഖേദകരമാണ്.

**സമൂഹ വിവാഹം :** നമ്മുടെ സമൂഹ വിവാഹ പദ്ധതി പ്രകാരം ഈ റിപ്പോർട്ട് വർഷത്തിൽ 8 പെൺകുട്ടികളുടെ വിവാഹം നടത്തിയിട്ടുണ്ട്. സമൂഹ വിവാഹ അപേക്ഷകളുടെ മാനദണ്ഡം കാലോചിതമായി പരിഷ്കരിക്കണമെന്ന അഡ്വൈസറി കമ്മറ്റിയുടെയും നിരവധി മഹല്ല് അംഗങ്ങളുടെയും ആവശ്യപ്രകാരം ടി കാര്യത്തിൽ കമ്മറ്റി പുതിയ മാനദണ്ഡങ്ങൾ ഉണ്ടാക്കുകയും നിലവിലെ സമൂഹ വിവാഹ അപേക്ഷകരെയും, അഡ്വൈസറി കമ്മറ്റികളുടെ സംയുക്ത യോഗവും വിളിച്ച് ചേർത്ത് പുതിയ മാനദണ്ഡങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സമൂഹവിവാഹവുമായി ബന്ധപ്പെട്ട ഇതുവരെയുള്ള എല്ലാ തീരുമാനങ്ങളും സമൂഹ വിവാഹാപേക്ഷകരുടെ യോഗമാണ് കൈക്കൊണ്ടിട്ടുള്ളത്. പുതിയ മാനദണ്ഡങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും പഴയ അപേക്ഷകരിൽ പ്രായാധിക്യമുള്ളവരുടെ വിവാഹം ഉറപ്പിച്ച് വരുന്ന മുറക്ക് തടസങ്ങളില്ലാതെ ഫണ്ട് ലഭ്യമാക്കാനും കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. മഹല്ലിന്റെ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രത്യേക ഫണ്ട് കണ്ടെത്തി നടത്തപ്പെടുന്ന സമൂഹ വിവാഹ പദ്ധതിയുടെ വിജയത്തിൽ കമ്മറ്റിക്ക് ഏറെ അഭിമാനമുണ്ട്. മറ്റെല്ലാ ക്ഷേമപ്രവർത്തനങ്ങൾക്കും മഹല്ല് ഫണ്ട് ഉപയോഗപ്പെടുത്തുമ്പോൾ സമൂഹവിവാഹഫണ്ട് വേറിട്ട് നിൽക്കുന്നു. വെള്ളിയാഴ്ചകളിൽ മഹല്ല് കമ്മറ്റി നടത്തുന്ന ബക്കറ്റ് കളക്ഷനും, നമ്മുടെ മഹല്ലിനോട് പ്രത്യേക താല്പര്യമുള്ള വ്യക്തികൾ നൽകുന്ന സംഭാവനയും, വുളുഹിയത്ത് എല്ല്-തുകൽ വിൽക്കുന്ന സംഖ്യയും, വിവാഹ സെസ്സും പിന്നെ സക്കാത്ത് ഫണ്ടിന്റെ ബാലൻസ് സംഖ്യയുമെല്ലാം സമൂഹ വിവാഹഫണ്ടിൽ മുതൽ ചേർക്കപ്പെടുന്നുണ്ട്. മഹല്ലിന്റെ മറ്റു ക്ഷേമ പ്രവർത്തനങ്ങൾക്കും സമൂഹ വിവാഹ

പദ്ധതി മാതൃകയാക്കണമെന്നും, ആയതിനെല്ലാം പ്രത്യേക ഫണ്ട് കണ്ടെത്തണമെന്നും കമ്മറ്റിക്ക് ആഗ്രഹമുണ്ട്.

**പെൻഷൻ :** വാർദ്ധക്യത്തിന്റെ പ്രതിസന്ധികൾ അലട്ടുന്ന നമ്മുടെ മഹല്ലിലെ സാമ്പത്തിക ദുരിതമനുഭവിക്കുന്നവർക്ക് മഹല്ല് പൊതുയോഗം തീരുമാനിച്ചത് പ്രകാരമുള്ള പെൻഷൻ ഇപ്പോൾ 46 പേർക്ക് നൽകുന്നുണ്ട്. കഴിഞ്ഞ മഹല്ല് പൊതുയോഗം പെൻഷൻ അപേക്ഷകരുടെ പ്രായം 60 വയസ്സായി നിശ്ചയിച്ചിട്ടുണ്ടെങ്കിലും കൃത്യമായ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അപേക്ഷകളിൽ കമ്മറ്റി തീരുമാനമെടുക്കുന്നത്. മഹല്ലിന്റെ സാമ്പത്തിക സ്ഥിതി മെച്ചമല്ലാതിരുന്നിട്ടും പെൻഷൻ വിതരണം ചെയ്യുന്നതിൽ യാതൊരു വിധ വീഴ്ചയും വരാതിരിക്കാൻ കമ്മറ്റി ശ്രദ്ധിച്ച് വരുന്നുണ്ട്.

**വിദ്യാഭ്യാസ സ്കോളർഷിപ്പ് :** +1 മുതൽ പഠിക്കുന്ന മഹല്ലിന്റെ പാവപ്പെട്ട കുട്ടികൾക്ക് കമ്മറ്റി പ്രതിമാസ സ്കോളർഷിപ്പ് ഈ റിപ്പോർട്ട് വർഷവും നൽകിയിട്ടുണ്ട്. അതുപോലെ അഞ്ചാം ക്ലാസ് മുതലുള്ള കുട്ടികൾക്ക് സൗജന്യ നോട്ട്പുസ്തക വിതരണവും നടത്തിയിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും നമ്മുടെ സാമ്പത്തിക ചുറ്റുപാടിൽ നിന്നുകൊണ്ടുള്ള പഠനസഹായം ലഭ്യമാക്കാനും കമ്മറ്റി ശ്രദ്ധിച്ചിട്ടുണ്ട്. മഹല്ലിന്റെ സൺഡേ മദ്രസകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് മാത്രമേ വിദ്യാഭ്യാസ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുകയുള്ളു എന്ന തീരുമാനം കമ്മറ്റി കർശനമായി പാലിച്ച്വരുന്നുണ്ട്.

**മദ്രസ ട്യൂഷൻ :** കേന്ദ്രസർക്കാരിന്റെ SPQEM പദ്ധതിപ്രകാരം രാജ്യത്തെ ഒട്ടനവധി മദ്രസകളിൽ നടത്തി വന്നിരുന്ന സൗജന്യ ട്യൂഷൻ നമ്മുടെ മഹല്ലിലും ഈ റിപ്പോർട്ട് വർഷം തടസമില്ലാതെ നടന്നിട്ടുണ്ട്. സർക്കാർ ഗ്രാന്റ് കൈപ്പറ്റി പല മദ്രസ്സകളും പദ്ധതി നടപ്പിലാക്കാതിരുന്ന സമയത്ത് മഹല്ല് ഫണ്ട് കൂടി ചെലവഴിച്ചാണ് കഴിഞ്ഞ 8 വർഷമായി നമ്മുടെ മഹല്ലിൽ ട്യൂഷൻ നടത്തി വരുന്നത്. പല വർഷങ്ങളിലും ഫണ്ട് ലഭിക്കാതിരുന്നിട്ടും ട്യൂഷൻ വീഴ്ച കൂടാതെ നാം നടത്തിയിട്ടുണ്ട്. നിർഭാഗ്യവശാൽ കേന്ദ്ര ഗവൺമെന്റ് ടി പദ്ധതി നിർത്തലാക്കി എന്ന വിവരമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. നമ്മുടെ മഹല്ലിലെ സാമ്പത്തിക പരാധീനതകളുള്ള ഒട്ടനവധി കുട്ടികൾ ഈ ട്യൂഷൻ ആശ്രയിച്ച് പഠനം നടത്തി വരുന്നുണ്ട്. നമ്മുടെ സാമ്പത്തിക പരാധീനത കാരണം കഴിഞ്ഞ വർഷം മുതൽ ട്യൂഷൻ 6–ാം ക്ലാസ് മുതലായി പരിമിതപ്പെടുത്തുകയും വാഹന സൗകര്യം ഒഴിവാക്കുകയും ചെയ്തിരുന്നു. സർക്കാർ ഫണ്ട് ലഭ്യമല്ലെന്നറിഞ്ഞിട്ടും കുട്ടികളുടെ എണ്ണം കുറവായിട്ടും നമ്മുടെ മഹല്ലിലെ സാധാരണക്കാർക്ക് വേണ്ടി ട്യൂഷൻ തുടർന്ന് കൊണ്ട് പോകണമെന്നാണ് കമ്മറ്റി തീരുമാനിച്ചിട്ടുള്ളത്. അംഗങ്ങളുടെ എല്ലാവിധ പിന്തുണയും ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ മഹല്ലിന്റെ സൗജന്യ സേവനങ്ങൾ ഉപയോഗപ്പെടുത്താതെ പലപ്പോഴും അംഗങ്ങൾ ഉപേക്ഷ കാണിക്കുന്നത് പൊതുയോഗം പല റിപ്പോർട്ടിലും ചർച്ച ചെയ്തിട്ടുള്ളതാണ്. സൗജന്യമായി ലഭിക്കുന്നതിന്റെ മേന്മ കുറവാണെന്ന അബദ്ധ വിചാരങ്ങളും വൻഫീസ് നൽകിയാൽ മാത്രമേ നല്ല റിസൽട്ട് ലഭിക്കുകയുള്ളു എന്ന മിഥ്യാബോധവുമാണ് പലരിലും ഉള്ളത്.

സർവ്വ ശക്തന്റെ അനുഗ്രഹത്താൽ ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ നമ്മുടെ ട്യൂഷൻ സെന്ററിലെ മൂന്ന് കുട്ടികൾ മുഴുവൻ വിഷയങ്ങളിലും, രണ്ട് പേർ 9 വിഷയങ്ങളിലും എ+ കരസ്ഥമാക്കി മഹല്ലിന് അഭിമാനകരമായ നേട്ടം കാഴ്ചവെച്ചത് അംഗങ്ങളെ അറിയിക്കട്ടെ. സമീപപ്രദേശങ്ങളിലെ മറ്റു ട്യൂഷൻ സെന്ററുകളെ അപേക്ഷിച്ച് മികച്ച വിജയം നേടാൻ കഴിഞ്ഞത് ദീർഘകാല സേവന പരിചയവും അർപ്പണ ബോധവുമുള്ള അദ്ധ്യാപകരുടെ പ്രയത്നം കൊണ്ട് കൂടിയാണ്. മഹല്ലിനെ അഭിമാനത്തിന്റെ ഉത്തുംഗതയിലേക്ക് നയിച്ച അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും മഹല്ല് കമ്മറ്റി ഹാർദ്ദവമായി അഭിനന്ദിക്കുന്നു. നമ്മുടെ ട്യൂഷൻ സെന്ററിന്റെ ഉയർന്ന നിലവാരം ബോദ്ധ്യപ്പെട്ട് രക്ഷകർത്താക്കൾ കുട്ടികളെ ട്യൂഷൻ സെന്ററിലെത്തിക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മദ്രസ്സകൾ :** മഹല്ലിലെ 7 മദ്രസ്സകളിലും ഈ വർഷവും തൃപ്തികരമായ വിധം അദ്ധ്യായനം നടന്നിട്ടുണ്ട്. മദ്രസ്സകളുടെ ചുമതല നൽകപ്പെട്ടിട്ടുള്ള കമ്മറ്റി അംഗങ്ങളും, അഡ്വൈസറി കമ്മറ്റി അംഗങ്ങളും ജീവനക്കാരും വളരെ കാര്യക്ഷമതയോടെ തന്നെ മദ്രസ്സ പ്രവർത്തനങ്ങളിൽ ഇടപെടുകയും പോരായ്മകൾ നികത്തുകയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുൻകൈ എടുക്കുകയും ചെയ്യുന്നുണ്ട്. അദ്ധ്യാപകരേയും രക്ഷിതാക്കളെയും മഹല്ല് കമ്മിറ്റിയേയും ഏകോപിപ്പിക്കുന്നതിന് അഡ്വൈസറി കമ്മറ്റികൾ ചെയ്യുന്ന സേവനം നിസ്തുലമാണ്. ആയതുകൊണ്ട് തന്നെ മഹല്ല് കമ്മറ്റി എടുക്കുന്ന പ്രധാന തീരുമാനങ്ങൾ അഡ്വൈസറി കമ്മറ്റികളുടെ സംയുക്ത യോഗത്തിൽ വിശദീകരിക്കാനും മഹല്ല് കമ്മറ്റി ശ്രദ്ധ ചെലുത്താറുണ്ട്. മദ്രസ്സകളിൽ നടക്കുന്ന ഖുർആൻ പഠനക്ലാസ്, മീലാദാഘോഷം, മതവിജ്ഞാന സദസ്സ് എന്നിവ സംഘടിപ്പിക്കുന്നതിന് അഡ്വൈസറി കമ്മറ്റികൾ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നുണ്ട്. അദ്ധ്യായന വർഷാരംഭത്തിൽ അദ്ധ്യാപകരുടെ എണ്ണത്തിൽ കുറവുണ്ടായിരുന്നെങ്കിലും ഈ കുറവ് പരിഹരിക്കപ്പെടുകയും ഇപ്പോൾ മികച്ച രീതിയിൽ അദ്ധ്യായനം നടന്നുവരികയും ചെയ്യുന്നുണ്ട്. മഹല്ലിന്റെ നിയന്ത്രണത്തിലുള്ള ഏഴ് മദ്രസ്സകളിൽ ഈ വർഷം 356 കുട്ടികൾ പഠിക്കുന്നുണ്ട്. 16 അദ്ധ്യാപകരും ജോലി ചെയ്യുന്നു. സമസ്തയുടെ 2014ലെ പൊതു പരീക്ഷയിൽ 5 മദ്രസ്സകൾ 100% വിജയം കരസ്ഥമാക്കി മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്. വ്യവസ്ഥാപിതമായ ഒരു സംവിധാനത്തിലൂടെയാണ് മഹല്ലിലെ മദ്രസ്സകൾ പ്രവർത്തിച്ചു വരുന്നത്. നമ്മുടെ മഹല്ലിൽ ആകെ 1600 കുടുംബങ്ങളും അതിൽ 15 വയസ്സിനും 5 വയസ്സിനു ഇടയിൽ 1087 കുട്ടികളുമുണ്ടെങ്കിലും അതിന്റെ 32.75% മാത്രമാണ് മദ്രസ്സയിലെത്തുന്നത് എന്ന യാഥാർത്ഥ്യം ഞെട്ടിക്കുന്നതാണ്. ചില സ്കൂളുകളിൽ മദ്രസ്സ പഠനം ലഭിക്കുമെന്ന ധാരണയിൽ കുട്ടികളെ മദ്രസ്സയിൽ പറഞ്ഞയക്കാത്ത മാതാപിതാക്കളുടെ എണ്ണവും നമ്മുടെ മഹല്ലിൽ വർദ്ധിച്ചുവരുന്നത് ആശങ്കാജനകമാണ്. 5–ാം ക്ലാസ് പൂർത്തിയാക്കുന്ന കുട്ടികളിൽ 65% വും, 7–ാം ക്ലാസ് കഴിഞ്ഞവരിൽ 90% തുടർ വിദ്യാഭ്യാസത്തിന് തയ്യാറാവുന്നില്ല എന്നതും ശ്രദ്ധേയമാണ്. കഴിഞ്ഞ അദ്ധ്യായന വർഷം 7 മദ്രസ്സകളിലേയും കൂടി 18 വിദ്യാർത്ഥികൾ 4–ാം ക്ലാസ് പഠനം അവസാനിപ്പിക്കുന്നതും സാന്ദർഭികമായി ഉണർത്തട്ടെ. എല്ലാവിധ ഭൗതിക സാഹചര്യങ്ങളും മികച്ച അദ്ധ്യാപകരും മേൽനോട്ടം വഹിക്കുന്നതിനുള്ള സൂപ്പർവൈസിംഗ് കമ്മിറ്റികളും ഉണ്ടായിട്ടുപോലും നമ്മുടെ മഹല്ലിന്റെ മേൽ സ്ഥിതി വിവരകണക്കുകൾ ആശ്ചര്യജനകമാണ്. നമ്മുടെ മഹല്ലിൽ ദീനീ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പോരായ്മ പലരും നമ്മേ ബോധ്യപ്പെടുത്തുമ്പോൾ തന്നെ പ്രാഥമിക ദീനീ പഠനത്തിന്പോലും കുട്ടികളെ കിട്ടാതെ

നമ്മുടെ മദ്രസ്സകൾ ശ്വാസം മുട്ടുന്നത് നാം ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. 115 വിദ്യാർത്ഥികൾ പഠിക്കുന്ന അഞ്ചപ്പാലം മദ്രസ്സ മാത്രമാണ് കുട്ടികളുടെ എണ്ണത്തിൽ മികവ് പുലർത്തുന്നത്. വി.പി. തുരുത്ത് മദ്രസ്സയിൽ 36 ഉം, കോട്ടപ്പുറം മദ്രസ്സയിൽ 38ഉം, ടി.കെ.എസ്. പുരം മദ്രസ്സയിൽ 43ഉം, കടുക്കച്ചുവട് മദ്രസ്സയിൽ 43ഉം, തബ്ശീറുൽ ഇസ്ലാം മദ്രസ്സയിൽ 41ഉം, ലോകമലേശ്വരം മദ്രസ്സയിൽ 40ഉം, ഉൾപ്പെടെ 356 കുട്ടികളാണ് നമ്മുടെ മദ്രസ്സകളിൽ പഠനം നടത്തുന്നത്. സമസ്തയുടെ മുഫത്തിഷിന്റെ പരിശോധനയിൽ തൃപ്തികരമായ റിപ്പോർട്ട് രേഖപ്പെടുത്തുന്നുണ്ടെങ്കിലും ദീനി വിദ്യാഭ്യാസരംഗത്തേക്ക് കുട്ടികളെ കൊണ്ടുവരാനും രക്ഷിതാക്കളെ ബോധവൽക്കരിക്കാനുമുള്ള നമ്മുടെ ശ്രമങ്ങൾ നിരർത്ഥകങ്ങളാവുകയാണ്. എങ്കിലും നമ്മുടെ മഹല്ലിൽ നിന്നും 4 ആൺകുട്ടികളും 2 പെൺകുട്ടികളും അറബികോളേജിലും ഹിഫ്ള് കോളേജിലും പ്രവേശനം നേടിയിട്ടുള്ളത് ആശാവഹമാണ്.

ഈ സാഹചര്യത്തിൽ നമ്മുടെ മഹല്ലിൽ ഒരു ഹയർ സെക്കന്ററി മദ്രസ്സ ആരംഭിക്കണമെന്ന നിർദ്ദേശം സമസ്തയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതും, മഹല്ല് കമ്മറ്റിയും അഡ്വൈസറി കമ്മറ്റികളും ആയത് അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. 6-ാം ക്ലാസ് മുതൽ +2 വരെയുള്ള ക്ലാസുകൾ കേന്ദ്രമദ്രസ്സയായ തബ്ശീറുൽ ഇസ്ലാം മദ്രസ്സയിൽ സജ്ജീകരിക്കണമെന്നും 2015-16 അദ്ധ്യായന വർഷത്തിൽ തന്നെ ആരംഭിക്കണമെന്നും കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. ഓരോ രക്ഷകർത്താവും മനസ്സ്വെച്ചാൽ തന്റെ കുട്ടിയുടെ ദീനീ പഠനത്തിനു മുമ്പിൽ മറ്റു മാർഗ്ഗ തടസ്സങ്ങളൊന്നും ഉണ്ടാകില്ല എന്ന പ്രായോഗിക കാഴ്ചപ്പാട് മാത്രമേ ദീനീ വിദ്യാഭ്യാസത്തെ പുരോഗതിയിലേക്ക് നയിക്കുകയുള്ളൂ.

സ്റ്റാഫ് യോഗം എല്ലാ മാസങ്ങളിലും കൃത്യമായി ചേരുകയും മദ്രസ്സാ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നുമുണ്ട്. മദ്രസ്സകളുടെ ആവശ്യങ്ങളും പോരായ്മകളും ജീവനക്കാരുടെ കാര്യങ്ങളും ടി യോഗം വ്യക്തമായി ചർച്ച ചെയ്ത് ആവശ്യമായ ശുപാർശകൾ മഹല്ല് കമ്മറ്റിയ്ക്ക് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കമ്മറ്റി ഒട്ടും വൈകാതെ മേൽനടപടികൾ സ്വീകരിക്കാറുണ്ട്. മദ്രസ്സാ വിദ്യാർത്ഥികൾക്ക് ഈ വർഷം കുട്ടികളുടെ കൂടി പങ്കാളിത്തത്തോടെ പുസ്തകസഞ്ചി വാങ്ങി നൽകിയിട്ടുണ്ട്. ഇൻശാ അല്ലാഹ് അടുത്ത അദ്ധ്യായന വർഷത്തിൽ ഡയറികൂടി ലഭ്യമാക്കണമെന്നാണ് കമ്മറ്റി തീരുമാനിച്ചിട്ടുള്ളത്. റെയ്ഞ്ച്തല സാഹിത്യമത്സരങ്ങളിൽ നമ്മുടെ കുട്ടികൾ പങ്കെടുത്തിട്ടുള്ളതും മികച്ചും വിജയം കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. കടുക്കച്ചുവട് മദ്രസ്സയിൽ വിദ്യാർത്ഥികളുടെ കരകൗശല-ചിത്രപ്രദർശനം സംഘടിപ്പിച്ചതും മാതൃകാപരമായിരുന്നു. വിപുലമായ പ്രചരണ പരിപാടികളോടെയായിരുന്നു ഈ വർഷത്തെ മദ്രസ്സ പ്രവേശനോത്സവം ആഘോഷിച്ചത്. മദ്രസ്സ പ്രവർത്തനരംഗത്ത് ശ്രദ്ധേയമായ കുറെ മാറ്റങ്ങളുണ്ടാക്കുന്നതിന് നമ്മുടെ അദ്ധ്യാപകർ ശ്രമിച്ചിട്ടുള്ളതും, ഈ രംഗത്ത് അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്നതും നമ്മുടെ മഹല്ലിന് മുതൽകൂട്ടാവുമെന്ന് പ്രത്യാശിക്കാം.

മദ്രസകളുടെയും നമസ്കാരപള്ളികളുടെയും അറ്റകുറ്റ പണികളും ദൈനംദിനാവശ്യങ്ങളും നിവൃത്തിച്ചുകൊടുക്കുന്നതിൽ മഹല്ല് കമ്മറ്റി ശ്രദ്ധിച്ചിട്ടുണ്ട്. അഞ്ചപ്പാലം കടുക്കച്ചുവട്, ലോകമലേശ്വരം മസ്ജിദുകളും, തബ്ശീറുൽ ഇസ്ലാം മദ്രസ്സയും ഇക്കാലയളവിൽ പെയിന്റിംഗ് നടത്തിയിട്ടുള്ളതും, കോട്ടപ്പുറം മസ്ജിദിന്റെ ടോയ്‌ലറ്റ് ബ്ലോക്ക് പുതുക്കിപ്പണിയുകയും ചെയ്തിട്ടുണ്ട്.

**മീലാദാഘോഷം :** കഴിഞ്ഞ 3 വർഷമായി നമ്മുടെ മദ്രസ്സകളിൽ നവചൈതന്യത്തോടെയാണ് മീലാദാഘോഷം നടത്തിവരുന്നത്. ഓരോ മദ്രസ്സയും ആഘോഷപരിപാടികൾ മത്സരമായി മാറ്റുകയും അതുവഴി നബിദിനാഘോഷത്തിന്റെ പ്രൗഢി വർദ്ധിച്ചുവരികയും ചെയ്യുന്നുണ്ട്. അഡ്വൈസറി കമ്മറ്റികളുടെ ഇടപെടലുകളാണ് ഇത്തരത്തിലുള്ള മാറ്റത്തിന് കാരണമെന്ന് കമ്മറ്റി മനസ്സിലാക്കുന്നു. ഓരോ മദ്രസ്സകളിലും പൊതുപരിപാടികളും, കുട്ടികളുടെ കലാമത്സരങ്ങളും സംഘടിപ്പിക്കപ്പെടുന്നുണ്ട്. അഡ്വൈസറി കമ്മറ്റികളുടെ കൂട്ടായ്മയുടെ നേതൃത്വത്തിൽതന്നെയാണ് മഹല്ല് കേന്ദ്രീകരിച്ചുള്ള നബിദിനാഘോഷവും നടന്നിട്ടുള്ളത്. ഈ കാര്യങ്ങളിലെല്ലാം തന്നെ അദ്ധ്യാപകരുടെ മേൽനോട്ടവും സഹകരണവും എടുത്ത് പറയേണ്ടതുണ്ട്. മഹല്ല് കേന്ദ്രീകരിച്ച് നടന്ന മീലാദാഘോഷത്തിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം നാമമാത്രമായിരുന്നു എന്ന കുറവ് ചൂണ്ടി കാണിക്കപ്പെടേണ്ടത് തന്നെയാണ്. എന്നാൽ മദ്രസ്സകളിലെ പരിപാടികളിൽ അവരുടെ പങ്കാളിത്തം എടുത്ത്പറേയണ്ടതുമുണ്ട്. മീലാദാഘോഷങ്ങളുടെ വിജയവും അതിന്റെ പോരായ്മകളും സ്റ്റാഫ് കൗൺസിലും, അഡ്വൈസറി കമ്മറ്റിയും വിശദമായി തന്നെ ചർച്ച ചെയ്യുകയും, അടുത് വർഷം മുതൽ കൂടുതൽ മികവോടെ നബിദിനാഘോഷം സംഘടിപ്പിക്കുവാൻ ഫലപ്രദമായ നിർദ്ദേശങ്ങൾ മഹല്ല് കമ്മറ്റിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നബിദിനാഘോഷത്തിന്റെ ഭാഗമായി സമസ്തകേരള ജംഇയ്യത്തുൽ ഉലമ കൊടുങ്ങല്ലൂർ റെയ്ഞ്ച് കമ്മിറ്റി സംഘടിപ്പിച്ച പടിഞ്ഞാറൻ മേഖലാ ജാഥയുടെ മുഖ്യ നേതൃത്വം നമ്മുടെ മഹല്ലിനായിരുന്നതും ഈ റാലിയിൽ അഡ്വൈസറി കമ്മറ്റി അംഗങ്ങൾ ഉൾപ്പെടെയുള്ള നിരവധി മഹല്ല് അംഗങ്ങൾ പങ്കെടുത്ത് വൻ വിജയമാക്കി തീർത്തിട്ടുള്ളതുമാണ്.

**സൺഡേ മദ്രസ്സ :** മദ്രസ്സ പഠനം തുടരാൻ കഴിയാത്തതും അടിസ്ഥാന ദീനി പഠനം ലഭിക്കാത്തവരുമായ വിദ്യാർത്ഥികൾക്ക് വേണ്ടി ഈ റിപ്പോർട്ട് വർഷവും ഖുർആൻ പഠനക്ലാസ് നടന്നിട്ടുണ്ട്. മഹല്ല് ഇമാം നയിക്കുന്ന ഈ ക്ലാസിൽ നിരവധി കുട്ടികൾ മുടക്കമില്ലാതെ പങ്കെടുക്കുന്നത് ഇപ്പോഴത്തെ സാഹചര്യത്തിൽ ഏറെ ആശ്വാസകരമാണ്. മധ്യവേനലവധിയിൽ സൺഡേ മദ്രസ്സ അവധിക്കാല ഖുർആൻ പഠനക്ലാസ്സായും പ്രവർത്തിച്ചുവരുന്നുണ്ട്. +1 മുതൽ മഹല്ലിന്റെ വിദ്യാഭ്യാസ സ്കോളർഷിപ്പ് കൈപ്പറ്റുന്ന കുട്ടികൾ സൺഡേ ക്ലാസിൽ പങ്കെടുക്കണമെന്ന് കമ്മറ്റി തീരുമാനിച്ചിട്ടുള്ളതും ആയത് കർശനമായി പാലിച്ചുവരുന്നതുമാണ്. മഹല്ലിന്റെ സൺഡേ ക്ലാസിനും അവധിക്കാല ഖുർആൻ പഠനക്ലാസിനും വിപുലമായ പ്രചരണം മഹല്ല് കമ്മറ്റി നൽകിയിട്ടും 20 വയസ്സിനും 15 വയസ്സിനും ഇടയിൽ 709 കുട്ടികൾ നമ്മുടെ മഹല്ലിൽ ഉണ്ടായിട്ടും ക്ലാസ്സിൽ പങ്കെടുക്കുന്നത് 60 ൽ താഴെ കുട്ടികൾ മാത്രമാണ് എന്നതും നിരാശാജനകമാണ്.

**ഖുർആൻ പഠനക്ലാസ് :** നമ്മുടെ മഹല്ലിലെ 7 മദ്രസ്സകളിൽ മാസത്തിൽ 2 പ്രാവശ്യം വീതം നടന്നുവരുന്ന ഖുർആൻപഠനക്ലാസ്സുകൾ വീഴ്ച കൂടാതെ നടത്തുവാൻ മഹല്ല് കമ്മറ്റി ശ്രദ്ധിയ്ക്കുന്നുണ്ട്. സ്ത്രീകൾ പഠിതാക്കളായ ഈ ക്ലാസുകൾ ദീനി ബോധനത്തിനും, മഹല്ലിന്റെ തീരുമാനങ്ങൾ ജനങ്ങളിലേക്കെത്തിക്കാനും നാം ഉപയോഗപ്പെടുത്തുന്നുണ്ട്. അഡ്വൈസറി കമ്മറ്റി അംഗങ്ങളുടെ ഗൃഹസന്ദർശനവും നിരന്തരമുള്ള പ്രവർത്തനങ്ങളും ഖുർആൻ ക്ലാസിന്റെ

സജീവത നിലനിർത്താൻ ഉപയോഗപ്പെടുത്തുന്നുണ്ട്. എങ്കിലും അംഗങ്ങളുടെ മതിയായ പ്രാതിനിധ്യം ഖുർആൻ പഠനക്ലാസുകളിൽ ഉണ്ടാകുന്നില്ല എന്ന കാര്യവും കമ്മറ്റി വിമർശന ബുദ്ധിയോടെ ഉൾക്കൊള്ളുന്നു.

**വിവാഹപൂർവ്വ കൗൺസലിംങ് ക്ലാസ് :** ഇതര മഹല്ലുകൾക്ക് മാതൃകയാക്കിയ മഹല്ലിന്റെ വിവാഹപൂർവ്വ കൗൺസലിംങ് ക്ലാസ് കൂടുതൽ വിജയകരമായി ഈ വർഷവും തുടരുന്നുണ്ട്. കൗൺസലിംങ് ക്ലാസ് സിലബസിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുള്ളതും വിവാഹ ജീവിതത്തിന്റെ അടിസ്ഥാന പാഠങ്ങൾ കുട്ടികൾക്ക് വിശദീകരിച്ച് കൊടുക്കുവാനും ഈ ക്ലാസുകൾകൊണ്ട് കഴിഞ്ഞിട്ടുണ്ട്. റിപ്പോർട്ട് വർഷം 11 ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ കാലയളവിൽ 132 വിവാഹങ്ങൾ മഹല്ലിൽ നടന്നിട്ടുള്ളതാണ്. 7 പേർക്ക് പ്രത്യേക സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും 2 പേർക്ക് വിവാഹ ശേഷം ക്ലാസ്സുകളിൽ പങ്കെടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കാമെന്ന വ്യവസ്ഥയിലും വിവാഹാനുമതി നൽകിയിട്ടുണ്ട്. പ്രത്യേക സാഹചര്യത്തിൽ വിവാഹത്തിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ നാട്ടിലെത്തുന്ന കുട്ടികൾക്കാണ് ഇത്തരം സൗകര്യങ്ങൾ മഹല്ല് കമ്മറ്റി അനുവദിച്ചു നൽകിയിട്ടുള്ളത്.

വിവാഹപൂർവ്വ കൗൺസലിംങ് നമ്മുടെ മഹല്ലിൽ മാത്രമല്ല, ഇതര സമുദായങ്ങളിലും മഹല്ലുകളിലും ഇപ്പോൾ കർശനമായി നടപ്പിലാക്കി വരുകയാണ്. നമ്മുടെ തീരുമാനങ്ങളിൽ പുറംതിരിഞ്ഞുനിന്ന പലരും അതിന്റെ മേന്മ മനസ്സിലാക്കി ഉൾക്കൊള്ളാൻ തയ്യാറായതും മറ്റു മഹല്ലുകൾ നമ്മെ മാതൃകയാക്കാൻ തിടുക്കം കാണിക്കുന്നതും ഈ സാഹചര്യത്തിൽ ശ്രദ്ധേയമാണ്.

2009 ൽ ആരംഭിച്ച വിവാഹപൂർവ്വ കൗൺസിലിംങിന്റെ ഗുണം നമ്മുടെ മഹല്ലിന് ഏറെ ലഭിക്കുന്നുണ്ടെന്ന കാര്യം പ്രത്യേക എടുത്ത് പറയേണ്ടതാണ്. റിപ്പോർട്ട് വർഷം 3 വിവാഹ തർക്കങ്ങൾ മാത്രമേ മഹല്ലിന്റെ പരിഗണനയ്ക്ക് വന്നുള്ളു എന്നതും ഇതിന്റെ വിജയത്തെ സൂചിപ്പിക്കുന്നതാണ്(അൽഹംദു ലില്ലാഹ്). ഈ തർക്കങ്ങളും പരിഹരിക്കപ്പെട്ടിട്ടുള്ളതാണെന്ന് നമുക്ക് ഏറെ സന്തോഷം തരുന്നതാണ്. റിപ്പോർട്ട് വർഷത്തിൽ നടത്തിയ വിവാഹാനന്തര കൗൺസലിംങ് ക്ലാസിൽ അംഗങ്ങളുടെ പങ്കാളിത്തം കുറവായിരുന്നു എന്നതും ചൂണ്ടിക്കാണിക്കേണ്ടതാണ്. കൗൺസലിംങ്, നിരന്തരമായ ബോധവൽക്കരണം എന്നിവയിലൂടെ മാത്രമേ നമ്മുടെ മാനസിക നിലവാരം ഉയർത്തിക്കൊണ്ടുവരുവാനും അതുവഴി സമൂഹത്തിലേയും കുടുംബങ്ങളിലേയും അന്തഃഛിദ്രങ്ങൾ ഒഴിവാക്കപ്പെടുകയുള്ളുവെന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മാതാപിതാക്കൾക്കുള്ള കൗൺസലിംങ്, കൗമാരക്കാരായ കുട്ടികൾക്കുള്ള കൗൺസലിംങ് ക്ലാസ്, അഞ്ച് വർഷം പൂർത്തിയാക്കിയ ദമ്പതികൾക്കുള്ള കൗൺസലിംഗ് ക്ലാസ്സ് തുടങ്ങിയവ 2015-2016 വർഷത്തിൽ നടത്തുന്നതിന് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്.

**ഫിത്വർസക്കാത്ത്, സക്കാത്ത്, ഉളുഹിയത്ത് :** മഹല്ലിൽ കേന്ദ്രീകൃതമായി ഭരണഘടന അനുസരിച്ച് ഈ പ്രവർത്തന വർഷവും സക്കാത്തും, ഫിത്വർ സക്കാത്തും ശേഖരിച്ച് പരമാവധി പരാതികളില്ലാതെ വിതരണം ചെയ്തിട്ടുണ്ട്. ഫിത്വർ സക്കാത്തിന്റെ ശേഖരണത്തിൽ

വർദ്ധനവ് ഉണ്ടായപ്പോൾ തന്നെ സക്കാത്ത് ശേഖരണത്തിൽ മതിയായ വർദ്ധനവ് ഉണ്ടായി ട്ടില്ല. സക്കാത്ത് വിതരണത്തിന് ശേഷമുള്ള ബാലൻസ് സംഖ്യ മുൻവർഷങ്ങളിലേത് പോലെ സമൂഹവിവാഹ പദ്ധതിയിലേക്ക് ദാതാവിന്റെ അനുവാദത്തോടെ മുതൽകൂട്ടിയിട്ടുണ്ട്.

ഉളുഹിയത്ത് വിതരണം നമ്മുടെ മഹല്ലിനെ സംബന്ധിച്ച് ഈ വർഷം പുതിയൊരനുഭവ മായിരുന്നു. വാർഡുകൾ അനുസരിച്ച് പ്രത്യേക സ്ഥലങ്ങളിൽ ഉളുഹിയത്ത് ഇറച്ചി വിതരണ ത്തിന് തയ്യാറാക്കുകയും, അംഗങ്ങൾ കൃത്യമായി അവരുടെ അംഗത്വപാസ്ബുക്കുമായി വന്ന് പരാതികളില്ലാതെ അവരുടെ വിഹിതം കൈപ്പറ്റിയത് ശ്രദ്ധേയമാണ്. പലഘട്ടങ്ങളിലും ഇപ്ര കാരമുള്ള വിതരണത്തിന്റെ വിജയത്തെ കുറിച്ച് നാം ആശങ്കപ്പെട്ടിരുന്നത് അസ്ഥാനത്തായി എന്ന് ഈ അനുഭവം തെളിയിച്ചു. വിതരണത്തിലെ അപാകതകളും പരാതികളും ഒഴിവാ ക്കാനും വിതരണച്ചെലവ് ലാഭിക്കാൻ കഴിഞ്ഞതും ഇതിന്റെ നേട്ടമായി. മറ്റു മഹല്ലുകൾ ഇക്കാ ര്യത്തിൽ ഏറെ മുന്നിലായതിനുശേഷമാണ് നമ്മൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധവെച്ചത്. മേലനുഭവം സക്കാത്ത് വിതരണത്തിലും, ഫിത്വർസക്കാത്ത് വിതരണത്തിലും അവലംബിക്കാ മെന്നാണ് കമ്മറ്റി തീരുമാനിച്ചിട്ടുള്ളത്.

ഫിത്വർസക്കാത്ത്, ഉളുഹിയത്ത് എന്നിവയുടെ വിതരണത്തിൽ അഡ്വൈസറി കമ്മറ്റി യംഗങ്ങൾ മഹല്ല് കമ്മറ്റിയ്ക്ക് നൽകിയ സഹകരണം വളരെ വിലയേറിയതാണ്. സർവ്വശ ക്തൻ അർഹമായ പ്രതിഫലം അവർക്ക് നൽകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

**നോമ്പ് തുറക്കൽ :** ഏകദേശം അഞ്ഞൂറോളം പേർക്ക് മഹല്ല് കമ്മറ്റി ഭക്ഷണത്തോടെയുള്ള നോമ്പുതുറക്കലിന് ഈ വർഷവും സൗകര്യമേർപ്പെടുത്തിയിരുന്നു. ഫണ്ടിന്റെ അപര്യാപ്തത ഉണ്ടായിരുന്നുവെങ്കിൽ പോലും പരമാവധി സമാഹരിക്കാനും നോമ്പ്തുറക്കലിന് കുറവുകൾ ഇല്ലാതെയും റമദാൻ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സക്കാത്ത്, നോമ്പ്തുറക്കൽ, ഉളുഹി യത്ത് എന്നീ ഇനങ്ങളിലേക്ക് മഹല്ല് അംഗങ്ങളുടെ സംഭാവന വർഷംചെല്ലും തോറും കുറ ഞ്ഞുവരികയാണ്. നോമ്പ്തുറക്കലിന്റെ ഏതാണ്ട് മുഴുവൻ ചെലവും മറ്റു മഹല്ലകളിലെ സഹോ ദരങ്ങളുടെ സംഭാവനയാണെന്ന കാര്യവും അംഗങ്ങളെ ഓർമ്മപ്പെടുത്തുന്നു.

**കൊമേഴ്സ്യൽ കോംപ്ലക്സ് :** സർവ്വശക്തന്റെ അനുഗ്രഹം കൊണ്ട് മഹല്ലിന്റെ എക്കാല ത്തെയും ഒരു വരുമാനസ്ത്രോതസ്സും നാളിതുവരെയുള്ളതിൽ ഏറ്റവും വിപുലമായ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണവും ഈ റിപ്പോർട്ട് വർഷത്തിൽ ഏതാണ്ട് മുഴുവനും പൂർത്തീകരി ക്കാൻ കഴിഞ്ഞിട്ടുണ്ട്. 3 കോടിയോളം രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി പണിയാരംഭിച്ച കെട്ടിട ത്തിന് അവശേഷിക്കുന്ന ജോലികൾ മുകളിലെ ട്രസ്സ് വർക്കും താഴെ ടൈൽ വിരിക്കലും മാത്ര മാണ്. നിർമ്മാണ പ്രവർത്തനം ആരംഭിക്കുമ്പോൾ മഹല്ല് കമ്മറ്റിയുടെ നീക്കിയിരിപ്പ് സംഖ്യ 11,92,904 രൂപ മാത്രമായിരുന്നു. ആശങ്കയോടെ തുടങ്ങിയ നിർമ്മാണം മഹല്ല് അംഗങ്ങളായ സഹോദരങ്ങളുടെ നിർലോഭമായ സഹകരണം കൊണ്ട് കൂടിയാണ് പൂർത്തീകരിക്കാൻ കഴി ഞ്ഞിട്ടുള്ളത്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ ഘട്ടത്തിൽ അവരിൽ നിന്നും വാങ്ങിയ വായ്പകൾ കൊണ്ട് നിർമ്മാണ ജോലികൾ തടസ്സമില്ലാതെ പൂർത്തീകരിക്കാൻ നമുക്ക് കഴി ഞ്ഞു. താഴത്തെ നിലയിലെ മുറികൾ ഏപ്രിൽ മാസം മുതൽ വാടക ലഭ്യമാകും. ഒന്നും

രണ്ടും നിലകൾക്ക് നഗരസഭ നമ്പറുകൾ ലഭ്യമായിട്ടില്ല. ആയതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് കൂടി ലഭ്യമാക്കേണ്ടതുണ്ട്. ഈ സർട്ടിഫിക്കറ്റിനുള്ള പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. ഇൻശാ അല്ലാഹ് 2015 ജൂലായ് മാസത്തോടെ 3 നിലകളുടെയും വാടക മഹല്ലിന് ലഭ്യമാകുമെന്ന കാര്യത്തിൽ സംശയമില്ല. സാമ്പത്തികവും സാങ്കേതികവുമായ ഒട്ടനവധി തടസ്സങ്ങൾ ഈ നിർമ്മാണ പ്രവർത്തനങ്ങളിൽ മഹല്ല് കമ്മറ്റിയെ അലട്ടിയിരുന്നതും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതെല്ലാം അതിജീവിക്കാൻ കഴിഞ്ഞിട്ടുള്ളതും അംഗങ്ങളുമായി പങ്കുവെയ്ക്കട്ടെ. 05-04-2012 ൽ ആരംഭിച്ച നിർമ്മാണപ്രവർത്തനങ്ങൾക്ക് 31-03-2015 വരെ 1,97,56,572 രൂപ ചെലവ് വന്നിട്ടുണ്ട്. ടി ആവശ്യത്തിന് വായ്പ വാങ്ങിയ ഇനത്തിൽ 43,00,000 രൂപ മടക്കി നൽകേണ്ടതുണ്ട്. സർവ്വശക്തന്റെ അനുഗ്രഹത്താൽ ഈ വ്യാപാര സമുച്ചയത്തിൽ നിന്നും മാന്യമായ വരുമാനം എല്ലാ കാലത്തും മഹല്ലിന് ലഭിക്കുമെന്നതിൽ മഹല്ല് കമ്മറ്റിക്ക് അഭിമാനമുണ്ട്.

**ഇസ്‌ലാമിക പൈതൃകമ്യൂസിയം :** മുസ്‌രിസ് പൈതൃകപദ്ധതിയുടെ ഭാഗമായി മഹല്ലിന് അനുവദിച്ച് കിട്ടിയിട്ടുള്ള ഇസ്‌ലാമിക പൈതൃക മ്യൂസിയത്തിന്റെ പണികൾ പൂർത്തീകരിച്ചിട്ടുള്ളതും, ഉദ്ഘാടനത്തിന് ഏതാണ്ട് തയ്യാറെടുത്ത് വരുകയുമാണ്. പദ്ധതിയിൽ സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ള മ്യൂസിയങ്ങളിൽ അതിപ്രധാനമായതാണ് നമ്മുടെ മഹല്ലിന് ലഭിച്ചിട്ടുള്ളത്. മഹല്ല് പ്രസിഡന്റ് ഡോ. പി.എ. മുഹമ്മദ് സഈദ് കൂടി അംഗമായ ഇസ്‌ലാമിക പൈതൃക മ്യൂസിയത്തിന്റെ വിദഗ്ദ സമിതി ഇന്ത്യയിലെ ഇസ്‌ലാമിക ചരിത്രത്തിന്റെയും മാപ്പിള കലകളുടെയും അറബി വ്യാപാരത്തിന്റെയും ചേരമാൻ ജുമാ മസ്ജിദിന്റെയും ചരിത്രങ്ങൾ മനസ്സിലാക്കുന്ന വിധത്തിലുള്ള നിരവധി ഓഡിയോകളും വീഡിയോകളുമാണ് തയ്യാറാക്കിയിട്ടുള്ളത്. ഒരു വർഷത്തെ നിരന്തരമായ പരിശ്രമങ്ങൾ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. ഇസ്‌ലാമിക ചരിത്രവും ചേരമാൻ ജുമാ മസ്ജിദിന്റെ ചരിത്രവും വിവരിക്കുന്ന ഏകദേശം 42 ഓളം പാനലുകൾ മ്യൂസിയത്തിൽ സ്ഥാപിക്കാൻ തയ്യാറാക്കി വരുന്നു. പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണത്തിൽ പലപ്പോഴും മെല്ലേപ്പോക്ക് നയമാണ് പലഭാഗങ്ങളിൽ നിന്നും ഉണ്ടായിട്ടുള്ളത്. മഹല്ല് കമ്മറ്റിയുടെ നിരന്തരശ്രമങ്ങളുടെ ഭാഗമായാണ് ഇപ്പോൾ ഇത് ഉദ്ഘാടനത്തിന് ഒരുങ്ങുന്നത്. അംഗപരിമിതർക്ക് മ്യൂസിയത്തിലേക്ക് കയറാനുള്ള ലിഫ്റ്റ് കെട്ടിടത്തിന് ചുറ്റും ടൈൽ വിരിയ്ക്കൽ തുടങ്ങിയ പണികൾ മഹല്ല് കമ്മറ്റിയുടെ അപേക്ഷ പ്രകാരം സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മ്യൂസിയത്തിന്റെ ഉദ്ഘാടനത്തിന് മുമ്പ് ഇത് പൂർത്തീകരിക്കുമെന്നാണ് ബന്ധപ്പെട്ടവരിൽ നിന്നും ലഭിച്ച വിവരം. നമ്മുടെ വീടുകളിൽ ഇസ്ലാമിക ചരിത്രവും പൈതൃകവുമായി ബന്ധപ്പെട്ട ഒട്ടനവധി സാധന സാമഗ്രികൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത്തരം വസ്തുക്കൾ നമ്മുടെ മ്യൂസിയത്തിന് മുതൽകൂട്ടാകുമെന്നതിനാൽ ആയത് മഹല്ല് കമ്മറ്റിക്ക് കൈമാറണമെന്ന് അഭ്യർത്ഥിക്കുന്നു.

2005ൽ സംസ്ഥാന സർക്കാർ മഹല്ലിന് അനുവദിച്ച് തന്ന വിശ്രമകേന്ദ്രത്തിൽ മഹല്ല് കമ്മറ്റിയുടെ എളിയ ശ്രമമെന്ന നിലയിലാണ് ഇസ്‌ലാമിക പൈതൃക മ്യൂസിയം ആരംഭിച്ചത്. ഇസ്‌ലാമിക മ്യൂസിയമെന്ന നമ്മുടെ സ്വപ്നം പ്രോത്സാഹിപ്പിക്കപ്പെടുന്നതിനുള്ള യാതൊരു ഭൗതിക സാഹചര്യങ്ങളും ഇല്ലാതിരുന്നിട്ടും, പലരുടെയും വിമർശനങ്ങൾ വിധേയമായിട്ടും, നാം കണ്ട സ്വപ്നം വളർന്നു വന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് രാജ്യത്തെ ഈ പ്രഥമ ഇസ്‌ലാമിക

പൈതൃക മ്യൂസിയം. മ്യൂസിയം വിദഗ്ധരുടെയോ ചരിത്രകാരന്മാരുടെയോ ഉപദേശങ്ങളോ നിർദ്ദേശങ്ങളോ നമുക്ക് ലഭിച്ചില്ലെങ്കിലും നമ്മുടെ ചുവട്‌വെയ്പ് അസ്ഥാനത്തായില്ലെന്ന് കാലം തെളിയിച്ചു. നമ്മുടെ വിടർന്ന കണ്ണുകളിൽ ഈ മഹല്ലിന് വേണ്ടിയുള്ള ഒരുപാട് സ്വപ്നങ്ങൾ ഇനിയും കാണാൻ കഴിയട്ടെയെന്നും നാഥൻ അതെല്ലാം പൂർത്തീകരിച്ച്തരട്ടെയെന്നും പ്രാർത്ഥിക്കുന്നു.

**പി.എസ്.സി. ട്രെയിനിംങ് ക്ലാസ് :** കഴിഞ്ഞ 2 വർഷത്തെ നിരന്തര ശ്രമങ്ങളുടെ ഫലമായി നമ്മുടെ മഹല്ലിന് സംസ്ഥാന സർക്കാരിന്റെ ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്നും അനുവദിച്ച് കിട്ടിയ പി.എസ്.സി. ട്രെയിനിംങ് സെന്ററിന്റെ ഔപചാരികമായ ഉദ്ഘാടനം 2014 ഡിസംബർ 30ന് ബഹു. ജില്ലാ കളക്ടർ ശ്രീമതി എം.എസ്. ജയ നിർവ്വഹിക്കുകയുണ്ടായി.

ഏറെ പ്രചരണത്തോടെ സംഘടിപ്പിച്ച ഉദ്ഘാടന ചടങ്ങിൽ മഹല്ല് ജീവനക്കാരും വിരലിലെണ്ണാവുന്ന ഏതാനും മഹല്ലംഗങ്ങളും മാത്രമാണ് പങ്കെടുത്തത്. ജില്ലാ കളക്ടർ പങ്കെടുക്കുന്ന പരിപാടിയായിരുന്നിട്ടും മഹല്ലിന്റെ ഈ പരിപാടി വിജയിപ്പിക്കുന്നതിൽ മഹല്ല് അംഗങ്ങൾ ആവശ്യമായ ശുഷ്കാന്തി കാണിച്ചില്ല എന്നത് ഖേദകരമാണ്. പി.എസ്.സി. ട്രെയിനിംഗ് ക്ലാസിൽ ചേരുന്നതിന് 300ൽ പരം അപേക്ഷകൾ വിതരണം ചെയ്യുകയും. 228 പേർ രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും 132 പേർ മാത്രമാണ് ആദ്യ ക്ലാസുകളിൽ പങ്കെടുത്തു വന്നിരുന്നത്. 2015 മാർച്ച് മാസത്തിലെ ക്ലാസ്സിൽ 62 പേർ മാത്രവും, അതിൽ ഈ മഹല്ല് അംഗങ്ങളായ കുട്ടികൾ 9 പേർ മാത്രമായിരുന്നുവെന്നതും നമ്മുടെ മഹല്ലിന്റെ ദയനീയത വ്യക്തമാക്കുന്നു. ഓരോ ക്ലാസിന്റെയും തലേ ദിവസങ്ങളിൽ കൃത്യമായി എസ്.എം.എസ്. വഴി വിദ്യാർത്ഥികളെ വിവരം അറിച്ചിട്ടും നമ്മുടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഈ ക്ലാസിന്റെ ഗുണവും ഗൗരവവും മനസ്സിലാക്കാൻ കഴിയാതെ പോയത് നിരാശാജനകമാണ്. സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിലുള്ള പി.എസ്.സി. ട്രെയിനിംഗ് സെന്ററുകളിൽ സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ദ അധ്യാപകർ നയിക്കുന്ന ക്ലാസുകളിൽ പഠിതാക്കൾ തള്ളിക്കയറുമ്പോൾ നമ്മുടെ കുട്ടികളെ ക്ലാസുകളിൽ എത്തിക്കാൻ രക്ഷിതാക്കൾക്കാകുന്നില്ല എന്നത് സാമൂഹിക വ്യവസ്ഥിതിയിൽ സമുദായത്തെ ഏറെ പിന്നിലാക്കുമെന്നതിൽ സംശയമില്ല. പ്രാപ്തരല്ലാത്ത അധ്യാപകർ കനത്ത ഫീസ് ഈടാക്കി നടത്തുന്ന സ്വകാര്യ ട്രെയിനിംഗ് സെന്ററുകളിലേക്ക് പോകുന്ന കുട്ടികളും നമ്മുടെ മഹല്ലിലുണ്ടെന്നത് മഹല്ല് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഹല്ലിന്റെ സേവനങ്ങളെ നിസാര വൽക്കരിച്ച് കൂടുതൽ നേട്ടം മോഹിക്കുന്നവർക്ക് കനത്ത സാമ്പത്തിക നഷ്ടമല്ലാതെ മറ്റൊന്നു നേടാനായില്ലെന്നതും എടുത്ത് പറയേണ്ടതാണ്.

**ഫലസ്തീൻ ഐക്യദാർഢ്യം :** ഗസ്സയിലെ ഇസ്രയേലിന്റെ കൂട്ടക്കുരുതിയിൽ ലോകമെമ്പാടും അലയടിച്ച പ്രതിഷേധാഗ്നിയിൽ പങ്കുചേരാനും തീരദേശത്തിന്റെ പ്രതിഷേധകൂട്ടായ്മയ്ക്ക് നേതൃത്വപരമായ പങ്കുവഹിക്കാനും നമ്മുടെ മഹല്ലിനായിട്ടുണ്ട്. പ്രദേശത്തെ എല്ലാ മഹല്ലുകളെയും വിളിച്ച് ചേർത്ത് ഫലസ്തീൻ ഐക്യദാർഢ്യ സമിതി രൂപീകരിക്കുവാനും ടി സമിതിയുടെ നേതൃത്വത്തിൽ കൊടുങ്ങല്ലൂർ നഗരത്തിൽ പ്രതിഷേധ റാലി സംഘടിപ്പിക്കുവാനും നമുക്കായി. കനത്തെ മഴയെ അവഗണിച്ച് 100 കണക്കിന് ആളുകൾ വിവിധ മഹല്ലുകളിൽ നിന്നും ഈ റാലിയിൽ പങ്കെടുക്കുകയുണ്ടായി. നമ്മുടെ മഹല്ലിൽ നിന്നും ഒട്ടനവധി ആളുകൾ

ഈ ചരിത്ര ദൗത്യത്തിൽ പങ്കാളികളായി എന്നതും നമ്മുടെ നേട്ടമാണ്. ഫലസ്തീൻ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചതിനൊപ്പം കൊടുങ്ങല്ലൂർ താലൂക്കിലെ മഹല്ലുകളുടെ ഏകോപനം നമ്മുടെ മഹല്ലിന്റെ നേതൃത്വത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞുവെന്നതും ഈ റാലിയുടെ നേട്ടമായി.

**വരിസംഖ്യ, മരണാനന്തര സഹായഫണ്ട് :** മഹല്ലിലെ കുടുംബങ്ങൾക്ക് അംഗത്വ പാസ്ബുക്ക് വിതരണം ചെയ്തതിന് ശേഷം മഹല്ലിലേക്ക് അടക്കേണ്ടതായ കുടിശ്ശികകൾ അടക്കുന്നതിൽ പല അംഗങ്ങളും പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടുള്ള കുടുംബങ്ങൾ ഇനിയും ഏറെയുണ്ട്. മരണാനന്തരസഹായ ഫണ്ട് 6000 രൂപയാണ് അനുവദിച്ചിരുന്നത്. ഇത് തീരെ കുറവായതിനാൽ 8000 രൂപയാക്കി മഹല്ല് കമ്മറ്റി വർദ്ധിപ്പിച്ചിട്ടുണ്ട്. മയ്യിത്ത് സംസ്കരണ സാമഗ്രികളുടെ വൻവില വർദ്ധനവ് ചിലവുകൾ അധികരിക്കാൻ കാരണമായി. ഇപ്പോൾ നൽകി വരുന്ന 8000 രൂപയും അപര്യാപ്തമായ അവസ്ഥയാണ് നിലവിലുള്ളത്. ടി സംഖ്യയും വർദ്ധിപ്പിച്ച് നൽകേണ്ടതാണ് അത്യാവശ്യമായിരിക്കുകയാണ്. അതേസമയം ഓരോ മരണത്തിനും ഒരു കുടുംബം വീതം അടക്കേണ്ടതായ 5 രൂപയിൽ നാളിതുവരെ യാതൊരു വർദ്ധനവും നാം വരുത്തിയിട്ടില്ല. ആയത് പരിശോധിച്ച് തീരുമാനമെടുക്കേണ്ടതാണ്.

**മസ്ജിദ് :** നമ്മുടെ പള്ളിയുടെ പുനർനിർമ്മാണ പ്രവർത്തനളുടെ തീരുമാനം മഹല്ല് പൊതുയോഗം എടുത്തിട്ട് 3 വർഷം പൂർത്തയാവുകയാണ്. പുനർനിർമ്മാണത്തിന്റെ പ്ലാനും എസ്റ്റിമേഷനും, വീഡിയോ അനിമേഷനും തയ്യാറായിട്ടുള്ളതും കൊടുങ്ങല്ലൂർ നഗരസഭയുടെ അനുമതി ലഭിച്ചിട്ടുള്ളതുമാണ്. ടി പ്രവർത്തനങ്ങളുടെ ഫയൽ ഇപ്പോൾ ജില്ലാ കളക്ടറുടെ പരിഗണനയിൽ ഉള്ളതും, ആവശ്യമായ അന്വേഷണങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ചീഫ് ടൗൺ പ്ലാനറുടെ അനുമതിക്ക് ശേഷം മാത്രമേ നമുക്ക് പണികൾ ആരംഭിക്കുവാൻ കഴിയുകയുള്ളു.

മസ്ജിദിലെ നമസ്കാര സൗകര്യം വർദ്ധിപ്പിക്കുന്നതിന് അനക്സ് കെട്ടിടത്തിന് മുകളിൽ ട്രസ്സ് വർക്ക് ചെയ്ത് കൂടുതൽ സൗകര്യം ചെയ്തിട്ടുള്ളതും ഇവിടെ ഏകദേശം മുന്നോറോളം പേർക്ക് നമസ്ക്കരിക്കാവുന്നതുമാണ്. പള്ളിയുടെയും അനുബന്ധസ്ഥാപനങ്ങളുടെയും പെയിന്റിംഗ് ഈ വർഷം ചെയ്തിട്ടുള്ളതുമാണ്.

**വി.ഐ.പി. സന്ദർശനം :** പ്രവർത്തനവർഷത്തിൽ സംസ്ഥാന ടൂറിസം വകുപ്പ് മന്ത്രി ശ്രീ. എ.പി. അനിൽകുമാറും ഇന്ത്യയിൽ അമേരിക്കൻ എംബസി ഒഫീഷ്യൽസും, ശ്രീലങ്കയുടെ പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഹമ്മദ് ഷിഹാബുദ്ദീൻ സയ്യിദ് അമീർ അലിയും മസ്ജിദ് സന്ദർശിച്ചിട്ടുണ്ട്. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ അഡീഷണൽ ഡയറക്ടറുടെ സന്ദർശനവും ഈ വർഷമുണ്ടായിട്ടുണ്ട്. ആലുവ സെമിനാരിയിലെ വൈദീക വിദ്യാർത്ഥികളും, നിരവധി ഗവൺമെന്റ് ഒഫീഷ്യലുകളും സന്ദർശകരായിട്ടുണ്ടായിരുന്നു. മസ്ജിദിന്റെയും മ്യൂസിയത്തിന്റെയും സന്ദർശകരുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നതിൽ സർവ്വശക്തനെ സ്തുതിക്കുന്നു.

**മഹല്ലിന് ലഭിച്ച അവാർഡ് :** സംസ്ഥാനത്തെ മുസ്ലിം ജീവനക്കാരുടെ കൂട്ടായ്മയും, ഇസ്ലാമിക, സാമൂഹ്യ-സാംസ്കാരിക വിദ്യാഭ്യാസരംഗത്ത് സജീവ സാന്നിദ്ധ്യവുമായ മുസ്ലിം എംപ്ലോയീസ് & കൾച്ചറൽ സൊസൈറ്റി (MECA) ഏർപ്പെടുത്തിയിട്ടുള്ള മികച്ച മഹല്ലിനുള്ള മർഹൂം കൊച്ചുണ്ണി സ്മാരക അവാർഡ് ചേരമാൻ മഹല്ലിന് ലഭിച്ചിട്ടുള്ള വിവരം മഹല്ലംഗങ്ങളെ അറിയിക്കുന്നു. നമ്മുടെ മഹല്ലിന്റെ പുരോഗമന പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരമായി മഹല്ല് കമ്മറ്റി ഇതിനെ കണക്കാക്കുന്നു. മഹല്ലിന്റെ ഭാവിയിലേക്കുള്ള പ്രവർത്തനങ്ങൾക്ക് ഈ അംഗീകാരം കൂടുതൽ ഊർജ്ജം പകരുമെന്ന് പ്രതീക്ഷിക്കുന്നു. മഹല്ല് കമ്മറ്റിയുടെ പ്രവർത്തനങ്ങൾ ഒരു കൈപുസ്തകം പോലെ കേരളത്തിലെ പ്രധാനപ്പെട്ട ഒരു പ്രസിദ്ധീകരണം കവർസ്റ്റോറിയായി പ്രസിദ്ധീകരിച്ചതും ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുന്നു. മഹല്ല് കമ്മറ്റിയുടെ പ്രവർത്തനങ്ങളുമായി എന്നും സഹകരിച്ച, മഹല്ലിന്റെ ശോഭനമായ ഭാവി ആഗ്രഹിക്കുന്ന മഹല്ല് അംഗങ്ങൾക്ക് ഈ അംഗീകാരം ഞങ്ങൾ വിനയപൂർവ്വം സമർപ്പിക്കുന്നു.

പ്രിയപ്പെട്ടവരെ,

കഴിഞ്ഞ 1 വർഷത്തെ പ്രവർത്തനങ്ങൾ നമ്മുടെ മഹല്ലിന് അനുഗുണമാകുന്നവിധം ചിട്ടപ്പെടുത്തിയെടുക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ മഹല്ല് കമ്മറ്റി തുടങ്ങി വെച്ചിട്ടുണ്ട്. ഗവൺമെന്റ് കെ.കെ.ടി.എം. കോളേജിൽ അറബി ഭാഷാ പഠനവകുപ്പ് ആരംഭിക്കുന്നതിനുള്ള നിവേദനവും ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചിട്ടുണ്ട്. കോതപറമ്പ് ജുമാമസ്ജിദിന് നേരെ സാമൂഹ്യവിരുദ്ധർ അഴിഞ്ഞാടിയപ്പോൾ മഹല്ല് കമ്മറ്റി ശക്തമായി ഇടപെട്ടിട്ടുള്ളതും ഒപ്പം സമൂഹത്തിന്റെ സാമുദായിക സൗഹാർദ്ദം കാത്തുസൂക്ഷിക്കാൻ ശ്രമിച്ചിട്ടുള്ളതുമാണ്. പൊതുയോഗതീരുമാനങ്ങൾ നടപ്പാക്കുന്നത് പരിശോധിക്കുന്നതിന് കഴിഞ്ഞ പൊതുയോഗം തെരഞ്ഞെടുത്ത മോണിറ്ററിംഗ് കമ്മറ്റിയുടെ യോഗവും ഈ കാലയളവിൽ കൂടിയിട്ടുള്ളതും കാര്യങ്ങൾ അവലോകനം ചെയ്തിട്ടുള്ളതുമാണ്.

മഹല്ലിന്റെ വരവിനത്തിൽ ഈ സാമ്പത്തിക വർഷം ഗണ്യമായ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. ബൈപ്പാസ് തുറന്നതോട് കൂടി ദൂരയാത്രക്കാരും മറ്റും പള്ളിയുടെ മുൻവശത്തുള്ള റോഡ് ഉപയോഗിക്കാത്തതിനാൽ പള്ളിയിലേക്കുള്ള സംഭാവന, ഭണ്ഡാരം തുടങ്ങിയവയിലെ വർദ്ധനവ് പ്രതീക്ഷിച്ചത് പോലെ ഈ വർഷം ഉണ്ടായിട്ടില്ല. മഹല്ലിന്റെ ഈ മുഖ്യ വരുമാന സ്രോതസ്സുകളിലെ കുറവ് നമ്മുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കാൻ ഇടയുണ്ടെന്നും കമ്മറ്റിയ്ക്ക് ആശങ്കയുണ്ട്.

മഹല്ല് ഭരണസമിതിയിലേക്ക് 2014 ജൂണിൽ നടന്ന തെരഞ്ഞെടുപ്പ് പരാതിക്ക് ഇടയില്ലാത്ത വിധം പൂർത്തീകരിച്ച് ഈ മഹല്ലിന്റെ മികവ് തെളിയിച്ച മഹല്ലിന്റെ മുഖ്യവരണാധികാരി ജ. സി.വൈ. സലീമിനും സഹവരണാധികാരി നവാസ് പടുവിങ്ങലിനും മഹല്ലിന്റെ നന്ദി രേഖപ്പെടുത്തുന്നു. മഹല്ലിന്റെ വരവ്-ചെലവ് കണക്കുകളും അനുബന്ധ രേഖകളും ഓഡിറ്റിംഗിന് വിധേയമാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള മഹല്ല് ഓഡിറ്റർമാരായ ജ. എൻ.എ. അലി, ജ. സി.എ. അബ്ദുൾ റഷീദ് എന്നിവർക്കും മഹല്ലിന്റെ നന്ദി അറിയിക്കുന്നു. ഈ പ്രവർത്തന കാലയളവിൽ നിരവധിപേരുടെ ഉപദേശ നിർദ്ദേശങ്ങൾ ഞങ്ങൾ മാർഗ്ഗ ദർശകങ്ങളായിട്ടുണ്ട്.

അവർക്കും മഹല്ല് കമ്മറ്റിയുമായി സഹകരിച്ച മുഴുവൻ മഹല്ല് അംഗങ്ങൾക്കും ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് മുഴുവൻ സഹായസഹകരണങ്ങളും നൽകിയ മദ്രസ്സ അഡ്വൈസറി കമ്മറ്റി അംഗങ്ങൾക്കും മഹല്ല് ജീവനക്കാർക്കും നന്ദി രേഖപ്പെടുത്തുന്നു. ഞങ്ങളുടെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും അപാകത സംഭവിച്ചിട്ടുണ്ടെങ്കിൽ സർവ്വശക്തനോട് പൊറുത്ത്തരണമെന്ന് ദുആ ചെയ്തുകൊണ്ട് ഈ റിപ്പോർട്ട് പൊതുയോഗത്തിന്റെ ചർച്ചയ്ക്കായി സമർപ്പിക്കുന്നു.

**മഹല്ല് കമ്മറ്റിക്ക് വേണ്ടി,**
**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി

## ചേരമാൻ ജുമാ മസ്ജിദ് 2014–2015 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

| നമ്പർ | ഇനം | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | അധിക ചെലവ് |
|---|---|---|---|---|
| 1 | മദ്രസ്സകൾ | 2,00,000 | 3,59,968 | 1,59,968.00 |
| 2 | മസ്ജിദ് | 5,00,000 | 9,00,154 | 4,00,154.00 |
| 3 | ഇലക്ട്രിസിറ്റി | 1,75,000 | 2,01,567 | 26,575.00 |
| 4 | ശമ്പളം, അലവൻസ് | 31,00,000 | 34,65,290 | 3,65,290.00 |
| 5 | മദ്രസ്സ ഗ്രാന്റ് | 1,40,000 | 1,84,800 | 44,800.00 |
| 6 | ചികിത്സ | 1,00,000 | 1,21,500 | 21,500.00 |
| 7 | വിവാഹസഹായം | 2,00,000 | 2,45,000 | 45,000.00 |
| 8 | കൊമേഴ്സ്യൽ കോംപക്ല്സ് | 65,00,000 | 68,36,707 | 3,36,707.00 |
| 9 | പഠനസഹായം | 2,00,000 | 2,54,598 | 54,598.00 |
| 10 | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | 1,00,000 | 1,01,029 | 1,029.00 |
| 11 | പൊതുയോഗം | 50,000 | 66,652 | 16,652.00 |
| 12 | നികുതി | 50,000 | 84,775 | 34,775.00 |
| 13 | മഹല്ല് അംഗങ്ങൾക്കല്ലാത്ത സഹായം | 25,000 | 34,000 | 9,000.00 |
| 14 | മദ്രസ്സ ട്യൂഷൻ | 2,50,000 | 2,76,575 | 26,575.00 |
| 15 | പെൻഷൻ | 1,50,000 | 1,50,300 | 300.00 |
| | | | ആകെ | 15,42,923.00 |

**മഹല്ല് കമ്മറ്റിക്ക് വേണ്ടി,**
**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി

# മഹല്ല് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട്

പ്രിയരെ, അസ്സലാമുഅലൈക്കും

01-06-2014 ൽ കൂടിയ മഹല്ല് പൊതുയോഗത്തിൽ, പൊതുയോഗതീരുമാനങ്ങൾ നടപ്പാക്കുന്നത് അവലോകനം ചെയ്ത് റിപ്പോർട്ട് ചെയ്യുന്നതിന് തെരഞ്ഞെടുത്ത മോണിറ്ററിംഗ് കമ്മറ്റിയുടെ യോഗം 03-01-2015 ൽ കൂടുകയും കഴിഞ്ഞ 5 വർഷത്തെ പൊതുയോഗ മിനിറ്റ്സുകൾ വിശദമായി പരിശോധിക്കുകയും ചെയ്തതിൽ താഴെ വിവരിക്കുന്ന പൊതുയോഗതീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ലാത്തതാണ്.

(1). തീരുമാനം 5/30-05-2010 തീരുമാനപ്രകാരമുള്ള ചരിത്ര സെമിനാർ, (2). 7(1)/30-05-2010 കടുക്കച്ചുവട് മസ്ജിദിന്റെ വിപുലീകരണം, (3). 7(2)/30-05-2010 വി.പി. തുരുത്ത് മസ്ജിദിന് സമീപമുള്ള പള്ളിവക സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തൽ, (4). 7(3)/30-05-2010 എൻ.എച്ച്. 17ലെ ബൈപ്പാസിൽ മസ്ജിദിന്റെ ഭണ്ഡാരം സ്ഥാപിക്കൽ, (5). 9/03-06-2014 കുടിശ്ശിക നിവാരണത്തിന് തീവ്രശ്രമം നടത്തൽ, (6). 11/23-06-2013 സക്കാത്ത് വിതരണം കാര്യക്ഷമമാക്കൽ.

മേൽ കാര്യങ്ങളിൽ സമിതി മുമ്പാകെ മഹല്ല് കമ്മറ്റി വ്യക്തമായ വിശദീകരണം നൽകിയിട്ടുള്ളതാണ്. മുസ്രിസ് പൈതൃക പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സർക്കാരിന്റെ കൂടി സഹകരണത്തോടെ സെമിനാർ നടത്താൻ സാധ്യതയുണ്ടെന്നും, കടുക്കച്ചുവട് മസ്ജിദ് വി.പി. തുരുത്ത് മസ്ജിദ് എന്നിവയുടെ കാര്യത്തിൽ മഹല്ലിന്റെ സാമ്പത്തിക പ്രതിസന്ധി കാരണമാണ് വൈകുന്നതെന്നും, എൻ.എച്ച്. 17 ലെ ബൈപ്പാസിൽ ഭണ്ഡാരം സ്ഥാപിക്കുന്നതിൽ പ്രായോഗിക തടസ്സമുണ്ടെന്നും ആയത് മഹല്ലിന് ഉപകാരപ്രദമാകില്ലെന്നും, മഹല്ല് അംഗത്വ പാസ്ബുക്ക് വിതരണത്തിന് ശേഷം കുടിശ്ശിക അടയ്ക്കുന്നതിൽ കൂടുതൽ ശ്രദ്ധ അംഗങ്ങൾക്കുണ്ടായിട്ടുണ്ടെന്നും മഹല്ല് കമ്മറ്റി പ്രസിഡന്റ് മോണിറ്ററിംഗ് സമിതിയിൽ വിശദീകരിച്ചിട്ടുമുണ്ട്.

കുടിശ്ശിക നിവാരണക്യാമ്പുകൾ മഹല്ലിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കാവുന്നതാണെന്ന് സമിതി കമ്മറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്.

മഹല്ല് മോണിറ്ററിംഗ് കമ്മറ്റിയ്ക്കുവേണ്ടി
**സി.വൈ. സലീം (ചെയർമാൻ)**

## ചേരമാൻ ജുമാ മസ്ജിദ് മഹല്ല് കമ്മറ്റിയുടെ
## 01-04-2014 മുതൽ 31-03-2015 വരെയുള്ള കാലയളവിലെ

# ഓഡിറ്റ് റിപ്പോർട്ട്

ചേരമാൻ ജുമാമസ്ജിദ് മഹല്ല് ഭരണസമിതിയുടെ ഒരു വർഷത്തെ വരവ് ചെലവ് കണക്കുകളും താഴെ പറയുന്ന രേഖകളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി.

1. രശീതി ബുക്ക്
2. വൗച്ചർ
3. പേരേട്
4. നാൾവഴി
5. മഖ്ബറ കൂപ്പൺ, സ്റ്റോക്ക് രജിസ്റ്റർ
6. വിവാഹ സഹായനിധി രശീതി, നാൾവഴി, വൗച്ചർ,
7. ബാങ്ക് പാസ്ബുക്ക്,
8. മിനിറ്റ്സ് ബുക്ക്,
9. ലോൺ രജിസ്റ്റർ,
10. വാടക രജിസ്റ്റർ
11. ഗോൾഡ് രജിസ്റ്റർ
12. അക്വിറ്റൻസ് രജിസ്റ്റർ,
13. അറ്റന്റൻസ് രജിസ്റ്റർ,
14. രശീതി രജിസ്റ്റർ
15. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത്

എന്നിവയുടെ വൗച്ചർ, രശീതി, നാൾവഴി

മേൽരേഖകളെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർക്കുന്നു. പരിശോധിച്ച കണക്കുകളിൽ കാര്യമായ അപാകതകൾ ഇല്ല എന്നു പറയുന്നതിൽ സന്തോഷമുണ്ട്. ശ്രദ്ധയിൽപെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1. മഹല്ല് സംഘടിപ്പിക്കുന്ന ഖുർആൻ പഠന ക്ലാസ്, വിവാഹപൂർവ്വ കൗൺസലിംങ് ക്ലാസ് തുടങ്ങിയ എല്ലാ ക്ലാസുകൾക്കും മീറ്റിംഗുകൾക്കും മഹല്ല് കമ്മിറ്റിയോഗം ഒഴികെയുള്ള മീറ്റിംഗുകൾക്കും ചായ, സ്നാക്സ് എന്നിവയുടെ ചെലവ് മഹല്ല് ഫണ്ടിൽ നിന്നാണ് വഹിച്ച് വരുന്നത്. ഈ ഓഡിറ്റ് വർഷം 30,007 രൂപ ഈ ഇനത്തിൽ ചെലവുണ്ട്. ചെലവ് പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. | 1. ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതാണ്. |
| 2. മഹല്ലിലെ വിവിധ മദ്രസകൾക്കും പള്ളികളിലേക്കും ക്ലീനിംങ് മെറ്റീരിയൽസ് വാങ്ങിയതിന് ആകെ 23,945 ക. ചെലവഴിച്ചിട്ടുണ്ട്. അതാത് മദ്രസ്സകൾ സാധനങ്ങൾ വാങ്ങുന്നത് ശരിയായ നടപടിയല്ല. ക്ലീനിംഗ് സാധനങ്ങൾ മഹല്ല് കമ്മറ്റി വാങ്ങി മസ്ജിദ് സ്റ്റോക്ക് രജിസ്റ്റർ വഴി മാത്രം മദ്രസ്സകൾക്ക് വിതരണം ചെയ്യേണ്ടതാണ്. | 2. സ്റ്റോക്ക് രജിസ്റ്റർ വഴി മാത്രം മദ്റസകളിലേക്കും പള്ളികളിലേക്കുമുള്ള സാധനസാമഗ്രികളുടെ വിതരണം നടത്തിയാൽ മതിയെന്ന് കമ്മറ്റി ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| 3. മെസ് ജീവനക്കാരി അവധിയായ ദിവസങ്ങളിൽ ജീവനക്കാർക്ക് ഭക്ഷണം വാങ്ങി നൽകിയ വകയിൽ 14,574 ക. ചെലവായിട്ടുണ്ട്. കുക്ക് അവധിയാകുന്ന ദിവസം പാചകത്തിനുള്ള ബദൽ സംവിധാനം ഉണ്ടാകേണ്ടതും പുറമെ നിന്ന് ഭക്ഷണം വാങ്ങുന്നത് ഒഴിവാക്കേണ്ടതുമാണ്. | 3. മഹല്ലിന് ചെലവുകളില്ലാത്തവിധം ബദൽ സംവിധാനം ഏർപ്പെടുത്തുവാൻ ശ്രദ്ധിയ്ക്കുന്നതാണ്. |
| 4. സാമ്പത്തിക വർഷം പുര കെട്ടിന് 1500 രൂപ വീതം 4 പേർക്ക് നൽകിയിട്ടുണ്ട്. മെച്ചപ്പെട്ട സാമ്പത്തിക ചുറ്റുപാടുള്ള നമ്മുടെ മഹല്ലിൽ പുരകെട്ടി മേയൽ പൂർണ്ണമായി ഒഴിവാക്കി അത്തരക്കാർക്ക് പകരം സംവിധാനം ഏർപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്. | 4. പൊതുയോഗത്തിന്റെ ചർച്ചയും തീരുമാനവും ഇക്കാര്യത്തിൽ ഉണ്ടാവുന്ന മുറയ്ക്ക് മഹല്ല് കമ്മറ്റി നടപടികൾ സ്വീകരിക്കുന്നതാണ്. |
| 5. മൂന്ന് മദ്രസ്സകളിലേക്ക് കുടിവെള്ളം വാങ്ങിയ വകയിൽ 2,380 രൂപ ചെലവ് ചെയ്തിട്ടുണ്ട്. കുടിവെള്ളം പണം കൊടുത്ത് വാങ്ങാതെ വെള്ളം സംഭരിയ്ക്കുന്നതിന് അതാത് മദ്രസ്സകളിൽ ആവശ്യമായ സംവിധാനം ഒരുക്കേണ്ടതാണ്. | 5. ഈ ചെലവ് ഒഴിവാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ അതാത് മദ്റസാ സദ്ർ മുഅല്ലിമീങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| 6. ചികിത്സ, വിവാഹം തുടങ്ങിയ ക്ഷേമ കാര്യങ്ങൾക്ക് ബഡ്ജറ്റ് വകയിരുത്തിയതിനേക്കാൾ അധികം സംഖ്യ ചെലവഴിച്ചതായി കാണുന്നു. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ചെലവുകളിൽ സൂക്ഷ്മത പാലിച്ചതായി കാണുന്നില്ല. ഇത്തരം ചെലവുകൾ ബഡ്ജറ്റ് അലോട്ട്മെന്റിൽ പരിമിതപ്പെടുത്തേണ്ടതാണ്. | 6. വിവാഹം ചികിത്സ തുടങ്ങിയ ക്ഷേമകാര്യങ്ങൾക്ക് ധനസഹായം നൽകുന്നതിന് പരമാവധി സൂക്ഷ്മത കമ്മറ്റി പുലർത്തിയിട്ടുള്ളതും പ്രവർത്തനറിപ്പോർട്ടിൽ ടി കാര്യം വിശദീകരിച്ചിട്ടുള്ളതുമാണ്. ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ ധനസഹായം നൽകേണ്ട ബാധ്യതയിൽ നിന്ന് മാറി നിൽക്കാനാവാത്തതിനാലാണ് ചെലവുകൾ അധികരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധയോടെ പ്രവർത്തിക്കുന്നതാണ്. |
| 7. മഹല്ല് വക കെട്ടിടങ്ങളുടെ വാടക പിരിയ്ക്കുന്നതിൽ കമ്മറ്റി കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിട്ടുള്ളത്. പല വാടകക്കാരും മാസങ്ങൾക്ക് ശേഷമാണ് വാടക അടച്ചുപോരുന്നത്. വാടക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കാത്തത് അത്തരക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന് തുല്യമാണെന്ന് | 7. വാടകക്കാരുടെ സാമ്പത്തിക പ്രതിസന്ധികൾ പലപ്പോഴും കൃത്യമായി വാടക ലഭിക്കുന്നതിന് തടസ്സമാകാറുണ്ട്. കുടിശ്ശിക വരുത്തുന്നവർക്ക് നോട്ടീസ് നൽകാറുള്ളതും നേരിൽ പറയാറുള്ളതുമാണ്. വാടക കുടിശ്ശിക വർദ്ധിച്ചിട്ടുള്ളതിനാൽ മഹല്ല് കമ്മറ്റി കടകൾ പൂട്ടിയിട്ട സംഭവം പോലുമുണ്ടായിട്ടുണ്ട്. പലപ്പോഴും മാനുഷികമായ പരിഗണനകളും കമ്മറ്റി നൽകിയി |

ഓഡിറ്റ് വിലയിരുത്തുന്നു. നിലവിലുള്ള കുടിശികക്കാരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | ഷാജി സി. മുഹമ്മദ് | – | 21,000 |
| 2. | മുഹമ്മദ് ഹനീഫ | – | 28,000 |
| 3. | മുഹമ്മദ് ഹനീഫ | – | 10,500 |
| 4. | തോമസ് | – | 18,000 |
| 5. | റോസ്മേരി | – | 15,000 |
| 6. | ദിൽജിത്ത് | – | 9,000 |
| 7. | ഷെമീർ | – | 9,000 |
| 8. | മുനീറ നൗഷാദ് | – | 6,000 |
| | ആകെ | – | 1,16,500 |

മേൽകുടിശികക്കാരെ ഒഴിപ്പിച്ചെടുക്കുന്നതിന് പൊതുയോഗം മഹല്ല് കമ്മറ്റിയ്ക്ക് നിർദ്ദേശം നൽകേണ്ടതാണ്.

8. വിദ്യാഭ്യാസ ഗ്രാന്റിനത്തിലും മറ്റുമായി 2,54,598 രൂപ റിപ്പോർട്ട് വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. പ്ലസ്ടു കോഴ്സിനുള്ള സ്കോളർഷിപ്പ് ഒഴിവാക്കി ഉപരിപഠനത്തിന് അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തി സഹായം നൽകാൻ കമ്മറ്റി ശ്രദ്ധിയ്ക്കേണ്ടതാണ്. കൂടാതെ ഖുർആൻ പഠന ക്ലാസ് മദ്രസ്സ തുടങ്ങിയവയിലേക്ക് കുട്ടികളെ എത്തിയ്ക്കുന്നതിനും മഹല്ല് ഫണ്ട് ഉപയോഗിച്ച് ഓട്ടോറിക്ഷ ഏർപ്പെടുത്തിയതായും കാണുന്നു. ഇത്തരത്തിലുള്ള ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

ട്ടുമുണ്ട്. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള വാടക കുടിശ്ശിക ഇപ്പോൾ ഈടാക്കിയിട്ടുള്ളതാണ്. മേലിൽ ഇക്കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തുന്നതുമാണ്.

8. മഹല്ല് പൊതുയോഗത്തിന്റെ ശ്രദ്ധയും തീരുമാനവും ഇക്കാര്യത്തിൽ ഉണ്ടാവുന്നത് ഉചിതമായിരിക്കും.

# ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സക്കാത്ത് അതിന്റെ ഉദ്ദേശ ശുദ്ധിയെ ചോദ്യം ചെയ്യുന്ന വിധമാണ് വിതരണം ചെയ്തുവരുന്നത്. ഇപ്പോൾ സക്കാത്ത് കളക്ഷനിൽ നിന്നും 664 പേർക്ക് 200 രൂപ പ്രകാരം വിതരണം ചെയ്യുകയും ബാക്കി സംഖ്യ സമൂഹവിവാഹഫണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുള്ളതായി കാണുന്നു. 4–ാം നമ്പർ ഓഡിറ്റ് പരാമർശത്തിലെ പുരയില്ലാത്തവർക്ക് വീട് പണിത് നൽകുകയോ, തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തി കൊടുക്കുന്നതുപോലുള്ള അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സക്കാത്ത് ഫണ്ട് ഉപയോഗിക്കുന്നതാകും ഉചിതം. ഇക്കാര്യത്തിൽ പണ്ഡിതോപദേശം തേടാവുന്നതാണ്. ഫിത്വർ സക്കാത്ത് വിതരണത്തിനായി 9,200 രൂപയോളം ഈ വർഷം ചെലവഴിച്ചിട്ടുണ്ട്. ഉളുഹിയത്തിന്റെ വിതരണച്ചെലവ് കുറച്ച് പരാതികൾക്കിടയില്ലാത്ത വിധം പൂർത്തീകരിച്ച് സാമ്പത്തിക നേട്ടം ഉണ്ടാക്കിയത് പോലെ അതേ മാനദണ്ഡം ഉപയോഗപ്പെടുത്തി ഫിത്ർ സക്കാത്ത്, സക്കാത്ത് വിതരണവും കുറെ കൂടി കാര്യക്ഷമവും സുതാര്യവുമാക്കാവുന്നതാണ്. ഫിത്വർ സക്കാത്ത്, സക്കാത്ത് അവകാശികളെ കുറിച്ചുള്ള ബോധവൽക്കരണം നടത്തുകയും അത്തരം അവകാശികൾ അവരുടെ പാസ്ബുക്കുമായി വന്ന് വിതരണകേന്ദ്രത്തിൽ നിന്നും ഫിത്വർ സക്കാത്തും, സക്കാത്തും നേരിൽ കൈപ്പറ്റുന്നത് യഥാർത്ഥ അവകാശികൾക്ക് തന്നെ ലഭിക്കുവാനും പാഴ്ചെലവും ദുർവ്യയവും ഒഴിവാക്കാൻ കഴിയുന്നതുമാണ്.

2. മഹല്ലിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കാൻ മഹല്ല് സംവിധാനം ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്.

3. നിർമ്മാണം പൂർത്തീകരിച്ച് വരുന്ന ചേരമാൻ മസ്ജിദ് പ്ലാസ കെട്ടിടം കൂടി തുറന്നുകൊടുക്കുന്നതോടുകൂടി ആകെ 106 കടമുറികളിൽ നിന്നും മഹല്ലിന് വാടക ലഭിക്കും. അതാത് മാസം വാടക വീഴ്ച കൂടാതെ പിരിച്ചെടുക്കാൻ മഹല്ല് കമ്മറ്റി അംഗങ്ങളേയോ, ജീവനക്കാരേയോ പ്രത്യേകം ചുമതല ഏൽപ്പിക്കുന്നത് ഉചിതമായിരിക്കും.

4. മഹല്ല് കമ്മറ്റി 24 കമ്മറ്റിയോഗങ്ങൾ റിപ്പോർട്ട് വർഷത്തിൽ കൂടിയിട്ടുണ്ടെങ്കിലും 3 യോഗങ്ങളിൽ മാത്രമാണ് മുഴുവൻ അംഗങ്ങളും പങ്കെടുത്തിട്ടുള്ളത്. ടി കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

5. ചേരമാൻ മസ്ജിദ് പ്ലാസയുടെയും ഷോപ്പിംഗ് കോംപ്ലക്സിന്റെയും ടെറസ് ട്രസ്സ് വർക് ചെയ്ത് കെട്ടിടത്തിന് സുരക്ഷിതത്വമുണ്ടാക്കി, മത–സാമൂഹിക–സാംസ്കാരിക സംഘടനകൾക്ക് ഉപയോഗത്തിന് വാടകയ്ക്ക് നൽകുന്നത് മഹല്ലിന് കൂടുതൽ വരുമാനം ലഭിക്കുന്നതിന് സഹായകരമായിരിക്കും.

6. മഹല്ലിൽ നടക്കുന്ന മരണങ്ങളുടെ വിവരങ്ങൾ പള്ളിയിലും, പ്രാദേശിക നമസ്ക്കാര പള്ളികളിലും യഥാസമയം അനൗൺസ് ചെയ്യുന്നത് ഉചിതമായിരിക്കും.

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും മഹല്ലിന് പ്രതിവർഷം 25 ലക്ഷം രൂപയോളം വരുമാനമുണ്ടാക്കാൻ ശ്രമിച്ച മഹല്ല് കമ്മറ്റിയെയും കുറ്റമറ്റ ഓഫീസ് സംവിധാനം നിലനിർത്തുന്ന ജീവനക്കാരേയും ഞങ്ങൾ അഭിനന്ദിക്കുന്നു.

ഓഡിറ്റേഴ്സ്

**എൻ.എ. അലി** (ഒപ്പ്)

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2014-2015

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| 1. | സംഭാവന | 21,66,349.00 | 1. | നികുതി | 84,775.00 |
| 2. | ലേലം | 4,41,002.00 | 2. | വിദ്യാഭ്യാസ സഹായം | 2,54,598.00 |
| 3. | ഭണ്ഡാരം | 38,46,472.00 | 3. | പുരപണി സഹായം | 51,000.00 |
| 4. | മഖ്ബറ | 27,17,077.00 | 4. | ചെക്ക് കമ്മീഷൻ | 63.00 |
| 5. | വരിസംഖ്യ | 3,27,615.00 | 5. | മസ്ജിദ് പേരിൽ | 9,00,154.00 |
| 6. | വിവാഹഫോറം | 990.00 | 6. | ഇലക്ട്രിസിറ്റി | 2,01,575.00 |
| 7. | വിവാഹഫീസ് | 48,500.00 | 7. | വിവാഹ സഹായം | 2,45,000.00 |
| 8. | മെമ്പർഷിപ്പ് ഫീസ് | 1,100.00 | 8. | മദ്രസ്സകൾക്ക് നൽകിയ ഗ്രാന്റ് | 1,84,800.00 |
| 9. | സർട്ടിഫിക്കറ്റ് ഫീസ് | 1,515.00 | 9. | ശമ്പളം | 32,25,290.00 |
| 10. | വാടക | 9,61,250.00 | 10. | കൊമേഴ്സ്യൽ കോംപ്ലക്സ് | 68,36,707.00 |
| 11. | വെളിച്ചെണ്ണ വിറ്റുവരവ് | 2,56,602.00 | 11. | റംസാൻ അലവൻസ് | 2,42,500.00 |
| 12. | പറമ്പിൽ നിന്നുള്ള വരവ് | 16,678.00 | 12. | പറമ്പ് പേരിൽ | 4,816.00 |
| 13. | മരണാനന്തര സഹായ ഫണ്ട് | 4,11,140.00 | 13. | മരണാനന്തര സഹായഫണ്ട് | 2,48,056.00 |
| 14. | പൊതുതാൽപര്യഫണ്ട് | 11,294.00 | 14. | മഹല്ല് അംഗങ്ങളല്ലാത്തവർക്കുള്ള സഹായം | 34,000.00 |
| 15. | ക്യാഷൻ ഡെപ്പോസിറ്റ് | 21,63,000.00 | 15. | ക്യാഷൻ ഡെപ്പോസിറ്റ് റീഫണ്ട് | 9,92,000.00 |
| 16. | ചരിത്ര പുസ്തകം വിൽപ്പന | 36,300.00 | 16. | റാത്തീബ് | 9,090.00 |
| 17. | റാത്തീബ് | 24,998.00 | 17. | കോട്ടപ്പുറം മസ്ജിദ് & മദ്രസ്സ | 79,574.00 |
| 18. | കോട്ടപ്പുറം മദ്രസ്സ | 9,467.00 | 18. | അഞ്ചപ്പാലം മദ്രസ്സ | 86,237.00 |
| 19. | അഞ്ചപ്പാലം മദ്രസ്സ | 9,130.00 | 19. | വി.പി. തുരുത്ത് മദ്രസ്സ | 12,970.00 |
| 20. | വി.പി. തുരുത്ത് മദ്രസ്സ | 12,524.00 | 20. | ജീവനക്കാർക്ക് നൽകിയ ലോൺ | 1,26,000.00 |
| 21. | ലോൺ തിരിച്ചടവ് | 37,500.00 | 21. | നോമ്പ് തുറക്കൽ | 3,11,958.00 |
| 22. | നോമ്പ്തുറക്കൽ | 2,54,352.00 | 22. | നബിദിനാഘോഷം | 62,268.00 |
| 23. | വിദേശ കറൻസി മാറിയത് | 41,561.00 | 23. | മെസ്സ് | 2,55,931.00 |
| 24. | സ്വർണ്ണംവിറ്റുവരവ് | 24,570.00 | 24. | വിശ്രമകേന്ദ്രം | 1,614.00 |
| 25. | വിവാഹ സെസ്സ് | 27,500.00 | 25. | മദ്രസ്സ ട്യൂഷൻ | 2,76,575.00 |
| 26. | വിശ്രമകേന്ദ്രം | 1,97,675.00 | 26. | കടുക്കച്ചുവട് മദ്രസ്സ | 54,287.00 |
| 27. | നിർമ്മാണപ്രവർത്തനങ്ങൾക്ക് വാങ്ങിയ ലോൺസംഖ്യ | 10,00,000.00 | 27. | ലോകമലേശ്വരം മദ്രസ്സ | 1,25,721.00 |
| | | | 28. | ടി.കെ.എസ്. പുരം മദ്രസ്സ | 14,149.00 |
| 28. | നിർമ്മാണ പ്രവർത്തനങ്ങൾക്ക് സമൂഹ വിവാഹ ഫണ്ടിൽ നിന്ന് അഡ്വാൻസ് | 10,00,000.00 | 29. | വി.ഐ.പി. സന്ദർശനം | 2,625.00 |
| | | | 30. | ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂട്ട് സംഭാവന | 5,500.00 |
| | | | 31. | ചികിത്സാ സഹായം | 1,21,500.00 |
| 29. | തബ്ശീറുൽ ഇസ്ലാം മദ്രസ്സ | 2,000.00 | 32. | വഖഫ് ബോർഡ് | 16,060.00 |
| 30. | ഇലക്ഷൻ വരവ് | 748.00 | 33. | പൊതുയോഗം | 66,652.00 |
| 31. | കടുക്കച്ചുവട് മദ്രസ്സ | 1,750.00 | 34. | യാത്രാ ചിലവ് | 21,985.00 |

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2014-2015

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| 32. | പി.എസ്.സി. ട്രെയിനിംഗ് ക്ലാസ് | 6,000.00 | 35. | ടെലഫോൺ | 26,844.00 |
| 33. | ടി.കെ.എസ്. പുരം മദ്രസ്സ | 2,150.00 | 36. | പെൻഷൻ പദ്ധതി | 1,50,300.00 |
| | | | 37. | പത്രം | 1,821.00 |
| | | | 38. | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | 1,01,029.00 |
| | | | 39. | പൈതൃകമസ്ജിദ് നിർമ്മാണം | 7,500.00 |
| | | | 40. | പി.എസ്.സി. ട്രെയിനിംഗ് ക്ലാസ് | 19,500.00 |
| | | | 41. | മസ്ജിദ് പെയിന്റിംഗ് | 2,51,445.00 |
| | | | 42. | നിർമ്മാണപ്രവർത്തനങ്ങൾക്ക് | |
| | | | | വാങ്ങിയ വായ്പ തിരിച്ച് നൽകിയത് | 8,00,000.00 |
| | | | | | |
| | | | | | |
| | | | | | |
| | ആകെ വരവ് | 1,60,58,809.00 | | ആകെ ചെലവ് | 1,65,14,469.00 |
| | Opening Cash Balance 01-04-14 | 946.00 | | Closing Cash Balance 31-03-15 | 2,133.00 |
| | Opening Bank Balance 01-04-14 | 7,38,259.00 | | Closing Bank Balance 31-03-15 | 2,81,412.00 |
| | | 1,67,98,014.00 | | | 1,67,98,014.00 |

# CHERAMAN JUMA MASJID, KODUNGALLUR

Bank Report as on 31.03.2015

| S.L. No. | Bank Name | Account No. | Amount |
|---|---|---|---|
| 1. | Town Co-operative Bank Evening Branch | 1654 | 2,137.00 |
| 2. | Indian Bank | 512068809 | 3,011.00 |
| 3. | Methala Service Bank | 2766 | 1,56,992.00 |
| 4. | Canara Bank | 136359 | 4,973.00 |
| 5 . | HDFC, Kottappuram | 15441770000010 | 37,883.00 |
| 6 . | Federal Bank | 13880100108992 | 76,416.00 |
| | | | |
| | **Total** | | **2,81,412.00** |

ഓഡിറ്റേഴ്സ്

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്) **എൻ.എ. അലി** (ഒപ്പ്)

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വുളുഹിയത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2014-2015

| | | | |
|---|---|---|---|
| ഷെയർ വിഹിതം | 7,76,200.00 | 22 ബലി മൃഗങ്ങളുടെ വില | 5,91,750.00 |
| എല്ല്, തുകൽ വില്പന | 27,500.00 | മൃഗങ്ങളെ കൊണ്ടുവന്ന വാഹന വാടക | 3,450.00 |
| മുൻ ബാലൻസ് | 248.40 | വൈക്കോൽ, തവിട്, കയർ, മരുന്ന് | 54,130.00 |
| സമൂഹവിവാഹത്തിൽ നിന്നും അഡ്വാൻസ് | 3,00,000.00 | മൃഗപരിപാലനം | 26,000.00 |
| തവിട് വില്പനയിൽ നിന്ന് | 600.00 | അറവ് കൂലി | 75,900.00 |
| | | വിതരണം, ഓട്ടോ | 650.00 |
| | | എല്ല്, തുകൽ വില്പന സംഖ്യ, സമൂഹ വിവാഹ ഫണ്ടിലേക്ക് നൽകിയത് | 27,500.00 |
| | | വേസ്റ്റ്, കുഴിയെടുക്കൽ, ക്ലീനിംഗ് ജോലിക്കാരുടെ ഭക്ഷണം, കിറ്റ്,തൂക്കംപിടിക്കൽ ഡോക്ടർ ഫീ, മരുന്ന്, പന്തൽ, കയർ, ഓല | 25,044.00 |
| | | സമൂഹവിവാഹ ഫണ്ടിലേക്ക് തിരിച്ചടവ് | 3,00,000.00 |
| | | നീക്കിയിരിപ്പ് | 124.40 |
| | | | |
| **ആകെ** | **11,04,548.40** | **ആകെ** | **11,04,548.40** |

## സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2014-2015

| | | | |
|---|---|---|---|
| സക്കാത്ത് ശേഖരണം | 2,65,191.00 | സക്കാത്ത് വിതരണം 644 x 200 | 1,28,800.00 |
| | | സമൂഹ വിവാഹഫണ്ടിലേക്ക് നൽകിയത് | 1,36,391.00 |
| | | | |
| **ആകെ** | **2,65,191.00** | **ആകെ** | **2,65,191.00** |

## ഫിത്തർ സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2014-2015

| | | | |
|---|---|---|---|
| ഫിത്വർ സക്കാത്ത് ശേഖരണം | 1,27,5,80.00 | അരി വില | 1,12,403.00 |
| ചാക്ക് വില്പന | 272.00 | അരി ഇറക്കിയ കൂലി, വാഹന വാടക | 2,400.00 |
| മുൻ ബാലൻസ് | 76.00 | കിറ്റ്, പാക്കിംഗ് | 3,805.00 |
| | | വിതരണക്കൂലി, ഓട്ടോ | 9,200.00 |
| | | നീക്കിയിരിപ്പ് സംഖ്യ | 120.00 |
| **ആകെ** | **1,27,928.00** | **ആകെ** | **1,27,928.00** |

## സമൂഹ വിവാഹം വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2014-2015

| | | | |
|---|---|---|---|
| ബക്കറ്റ് കളക്ഷൻ | 2,56,628.00 | 8 കുട്ടികളുടെ വിവാഹത്തിനുള്ള | |
| സംഭാവന | 14,40,500.00 | സഹായം | 8,00,000.00 |
| സക്കാത്ത് ഫണ്ടിൽ നിന്നുള്ള വരവ് | 1,36,391.00 | മസ്ജിദ് ഫണ്ടിലേക്ക് അഡ്വാൻസ് | 10,00,000.00 |
| എല്ല് തുകൽ വില്പനയിൽ വരവ് | 27,500.00 | ഉളുഹിയത്ത് അഡ്വാൻസ് | 3,00,000.00 |
| ബാങ്ക് ആദായം | 11,797.00 | ബാലൻസ് നിക്ഷേപം | 4,71,323.00 |
| മുൻ ബാലൻസ് ബാങ്ക് നിക്ഷേപം | 3,98,635.00 | നീക്കിയിരിപ്പ് | 128.00 |
| ഉളുഹിയത്ത് റീഫണ്ട് | 3,00,000.00 | | |
| | | | |
| **ആകെ** | **25,71,451.00** | **ആകെ** | **25,71,451.00** |

ഓഡിറ്റേഴ്സ്

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്) **എൻ.എ. അലി** (ഒപ്പ്)

| | ബഡ്ജറ്റ് വിശകലനം 2014 – 2015 | | | | | ബഡ്ജറ്റ് 2015 – 2016 | |
|---|---|---|---|---|---|---|---|
| | ഇനം | പ്രതീക്ഷിച്ച വരവ് | യഥാർത്ഥ വരവ് | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | പ്രതീക്ഷിക്കുന്ന വരവ് | പ്രതീക്ഷിക്കുന്ന ചെലവ് |
| 1 | സംഭാവന | 25,00,000 | 21,66,349 | | | 25,00,000 | |
| 2 | ഭണ്ഡാരം | 40,00,000 | 38,46,472 | | | 40,00,000 | |
| 3 | മഖ്ബറ | 30,00,000 | 27,17,077 | | | 30,00,000 | |
| 4 | ലേലം | 2,50,000 | 4,41,002 | | | 4,00,000 | |
| 5 | വെളിച്ചെണ്ണ വിറ്റ് വരവ് | 2,25,000 | 2,56,602 | | | 2,50,000 | |
| 6 | പറമ്പ് | 5,000 | 16,678 | | | 15,000 | |
| 7 | നോമ്പ്തുറക്കൽ | 3,50,000 | 2,54,352 | 3,50,000 | 3,11,958 | 3,00,000 | 3,00,000 |
| 8 | വാടക | 10,00,000 | 9,61,250 | | | 25,00,000 | |
| 9 | വരിസംഖ്യ | 1,00,000 | 3,27,615 | | | 1,00,000 | |
| 10 | വിവാഹഫീസ് | 45,000 | 48,500 | | | 45,000 | |
| 11 | മെമ്പർഷിപ്പ് ഫീസ് | 1,500 | 1,100 | | | 1,500 | |
| 12 | പി.എസ്.സി. ട്രെയിംഗ് ക്ലാസ് | | | | | 72,000 | 72,000 |
| 13 | വിവാഹഫോറം | 900 | 990 | | | 900 | |
| 14 | സർഫിക്കറ്റ് ഫീസ് | 750 | 1,515 | | | 1,500 | |
| 15 | റാത്തീബ് | 25,000 | 24,998 | 25,000 | 9,090 | 25,000 | 25,000 |
| 16 | പൊതുതാല്പര്യഫണ്ട് | 25,000 | 11,294 | | | 25,000 | |
| 17 | മദ്രസ്സകൾ | | | 2,00,000 | 3,59,968 | | 5,00,000 |
| 18 | മസ്ജിദ് | | | 5,00,000 | 9,00,154 | | 7,00,000 |
| 19 | ശമ്പളം, അലവൻസ് | | | 31,00,000 | 34,65,290 | | 39,00,000 |
| 20 | ഇലക്ട്രിസിറ്റി | | | 1,75,000 | 2,01,575 | | 2,20,000 |
| 21 | ടെലഫോൺ | | | 27,000 | 26,844 | | 25,000 |
| 22 | യാത്ര | | | 25,000 | 21,985 | | 25,000 |
| 23 | മദ്രസ്സ ഗ്രാന്റ് | | | 1,40,000 | 1,84,800 | | 2,00,000 |
| 24 | ചികിത്സാ സഹായം | | | 1,00,000 | 1,21,500 | | 1,25,000 |
| 25 | വിവാഹ സഹായം | | | 2,00,000 | 2,45,000 | | 2,50,000 |
| 26 | പുരപണി സഹായം | | | 1,00,000 | 51,000 | | 1,00,000 |
| 27 | കൊമേഴ്സ്യൽ കോംപ്ലക്സ് | | | 65,00,000 | 68,36,707 | | 45,00,000 |
| 28 | പഠന സഹായം | | | 2,00,000 | 2,54,598 | | 3,00,000 |
| 29 | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | | | 1,00,000 | 1,01,029 | | 1,50,000 |
| 30 | മെസ്സ് | | | 2,75,000 | 2,55,931 | | 2,75,000 |
| 31 | നബിദിനാഘോഷം | | | 70,000 | 62,268 | | 70,000 |
| 32 | ഉഴുവത്ത്കടവ് മസ്ജിദ് | | | 30,000 | | | 3,00,000 |
| 33. | മഹല്ല് പൊതുയോഗം | | | 55,000 | 66,652 | | 70,000 |
| 34. | കേരള വഖഫ് ബോർഡ് | | | 1,25,000 | 16,060 | | 2,50,000 |
| 35 | നികുതി | | | 50,000 | 84,775 | | 1,00,000 |
| 36 | ചെക്ക് കമ്മീഷൻ | | | 600 | 63 | | 500 |
| 37 | മരണാനന്തര സഹായഫണ്ട് | 2,75,000 | 4,11,140 | 2,75,000 | 2,48,056 | 2,75,000 | 2,75,000 |
| 38 | പത്രം | | | 3,000 | 1,821 | | |
| 39 | ചരിത്രപുസ്തകം | 50,000 | 36,300 | 1,00,000 | | 50,000 | 50,000 |
| 40 | വിശ്രമകേന്ദ്രം | 2,00,000 | 1,97,675 | 25,000 | 1,614 | 2,00,000 | |
| 41 | മഹല്ലംഗങ്ങൾക്കല്ലാത്ത സഹായം | | | 25,000 | 34,000 | | 25,000 |
| 42 | സൗജന്യ മെഡിക്കൽ ക്ലിനിക്ക് | | | 50,000 | | | |
| 43 | മദ്രസ്സ ട്യൂഷൻ | 10,00,000 | | 2,50,000 | 2,76,575 | 7,00,000 | 3,50,000 |
| 44. | ബിൽഡിംഗ് മെയിന്റനൻസ് | | | 50,000 | | | 25,000 |
| 45. | പെൻഷൻ | | | 1,50,000 | 1,50,300 | | 1,80,000 |
| 46. | വിദേശകറൻസി, സ്വർണ്ണം വിൽപന | 50,000 | 66,131 | | | 75,000 | |
| 47. | ലോൺ തിരിച്ചുനൽകൽ | | | | | | 15,00,000 |
| 48. | കരുതൽ സംഖ്യ | | | | | | |
| | **ആകെ** | | | | | **1,31,03,150** | **1,31,03,150** |

# അറിയിപ്പ്

1. എസ്.എസ്.എൽ.സി. കഴിഞ്ഞ വിദ്യാർത്ഥികൾക്ക് മഹല്ല് കമ്മറ്റി നൽകി വരുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകൾ 15-07-2015 ന് മുമ്പ് മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്. അപേക്ഷകർ അവസാനമെഴുതിയ പൊതുപരീക്ഷയുടെ മാർക്ക് ലിസ്റ്റും പഠിക്കുന്ന സ്ഥാപനത്തിന്റെ സർട്ടി ഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ അപേക്ഷ കളിൽ കമ്മറ്റി മെമ്പറുടെ റിപ്പോർട്ടും രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. **മഹല്ല് കമ്മറ്റി നടത്തി വരുന്ന സൺഡേ ക്ലാസിൽ മുടങ്ങാതെ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിയാൽ മതിയെന്ന് കമ്മറ്റി തീരുമാനിച്ചിട്ടുള്ളതും ആയത് നിർബന്ധമായി നടപ്പിലാക്കി വരുന്നതാണെന്നും അറിയിക്കുന്നു.**
2. മഹല്ലിന്റെ വിദ്യാഭ്യാസ അവാർഡുകൾ 14.06.2015 ൽ കൂടുന്ന മഹല്ല് വാർഷിക പൊതുയോഗത്തിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. എസ്. എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി, തുടങ്ങിയ കോഴ്സുകളിൽ മഹല്ലിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾ വിദ്യാഭ്യാസ അവാർഡിനായുള്ള അപേക്ഷകളും, മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഉൾപ്പെടെ 10.06.2015 ന് മുമ്പായി മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്.
3. മഹല്ലിന്റെ സൗജന്യ സ്കൂൾ ട്യൂഷൻ 04-05-2015 മുതൽ ആരംഭിച്ചിട്ടുണ്ട്. താല്പര്യമുള്ള രക്ഷിതാക്കൾ മഹല്ല് കമ്മറ്റി ഓഫീസുമായി ബന്ധപ്പെട്ട് കുട്ടികളെ ക്ലാസ്സിലെത്തിക്കേണ്ടതാണ്.
4. മഹല്ല് പൊതുയോഗ തീരുമാനപ്രകാരമുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ എല്ലാ രണ്ടാം ശനിയാഴ്ചകളിലും മ്യൂസിയം ഹാളിൽ നടന്നു വരുന്നുണ്ട്. 3 ക്ലാസുകളിലെങ്കിലും പങ്കെടുക്കാത്തവർക്ക് വിവാഹഫോറം, നൽകേണ്ടതില്ലെന്ന് മഹല്ല് പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വർ ക്ലാസുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
5. മഹല്ലിലേക്ക് നൽകുന്ന അപേക്ഷകൾക്ക് മുമ്പായി കുടശ്ശിക തീർത്തിരി ക്കേണ്ടതാണ്.
6. സാമ്പത്തിക ഭദ്രതയുള്ള മഹല്ല് അംഗങ്ങളുടെ വീടുകളിൽ നടക്കുന്ന വിവാ ഹങ്ങൾക്കുള്ള അനുമതിപത്രം മഹല്ല് കമ്മറ്റി ഓഫീസിൽ നിന്നും വാങ്ങുന്ന മുറക്ക് മഹല്ല് പൊതുയോഗം നിശ്ചയിച്ചിട്ടുള്ളത് പ്രകാരം വിവാഹ സെസ്സ് കൂടി ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി

“നിശ്ചയമായും സത്യവിശ്വാസം കൈക്കൊണ്ടവരും, യഹൂദന്മാരും, ക്രിസ്ത്യാനികളും, സാബികളും ആരെല്ലാം അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും നല്ലത് പ്രവർത്തിക്കുകയും ചെയ്യുന്നുവോ അവർക്ക് അവരുടെ പ്രതിഫലം അവരുടെ രക്ഷിതാവിങ്കലുണ്ട്. അവരിൽ ഭയം ഉണ്ടാകുന്നില്ല. അവർ ദുഃഖിക്കുകയുമില്ല.’

**(വിശുദ്ധ ഖുർആൻ 2:62)**



“സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി പുലർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ, എന്നിവർക്കോ, പ്രതികൂലമായി തീർന്നാലും ശരി. ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ, നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ, ഒഴിഞ്ഞുമാറുകയോ ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു”

**(വിശുദ്ധ ഖുർആൻ 4:135)**

# THE FIRST JUMA MASJID IN INDIA SUB CONTINENT



ചേരമാൻ മസ്ജിദ് പുനർനിർമ്മാണ വേളയിൽ (1976)



ടൂറിസം മന്ത്രി എ.പി. അനിൽകുമാർ



ജസ്റ്റിസ് അഫ്താബ് ആലം



മുസിരിസ് എക്സ്പെർട്ട് കമ്മറ്റി



ASI അഡീഷണൽ ഡയറക്ടർ



ശ്രീലങ്കൻ മന്ത്രി സയ്യിദ് അമീർ അലി

# CHERAMAN JUMA MASJID

(THE FIRST JUMA MASJID IN INDIA SUB CONTINENT)


Cheraman Nagar, Kodungallur - 680 664, Thrissur Dt., Kerala, India

Website : www.cheramanmosque.com | www.cheramanjumamasjid.com
E-mail : cheramanmasjid@gmail.com

Phone: 0480 - 280 3170, +91 82 89 84 3170